25 years

Kandanad

Diocesan

BULLETIN

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 2, 15 February 2017

എഡിറ്റോറിയൽ

കർഷക ആത്മഹത്യക്ക് പരിഹാരം കാണണം

പഞ്ചാബിലെ സൻഗ്രൂർ ജില്ലയിൽപ്പെട്ട ഖനൗറി ഗ്രാമം മരണം മണക്കുന്ന ഒരു സ്ഥാനമായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഭക്രാ അണക്കെട്ടിൽ നിന്നുള്ള പ്രധാനനീർച്ചാൽ പഞ്ചാബിന്റെ കിഴക്കൻ ജില്ലകൾ വഴി 159 കി.മീ. ദൂരം ശരംപോലെ കുത്തിയൊഴുകി ഈ ഗ്രാമത്തിലെത്തുമ്പോൾ മന്ദഗതി പ്രാപിക്കുന്നു. കനാൽ വഴി അവിടെ ഒഴുകിയെത്തുന്ന പ്ലവങ്ങൾക്കിടയിൽ തങ്ങളുടെ ബന്ധുമിത്രാദികളുടെ മൃതശരീരങ്ങൾ തെരയുന്നതിന് പൂർവ്വ പഞ്ചാബിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് നൂറുകണക്കിനാളുകൾ ദിനംപ്രതി ഈ ഗ്രാമത്തിലെത്തുന്നു. അവർ ശവഭോജികളല്ല. തങ്ങൾക്കിടയിൽ നിന്ന് കാണാതാകുന്ന പ്രിയ ജനങ്ങളുടെ ജഡങ്ങൾ തേടി വരുന്നവരാണ്. അവരുടെ അന്വേഷണം സഫലമാകാറാണ് പതിവ്. അവർ തിരിച്ചറിയുന്ന ജഡങ്ങളിൽ ഭൂരിഭാഗവും സ്വയം ജീവനൊടുക്കിയ കർഷകരുടേതാണ്. മിക്കവരുടെയും ആത്മഹത്യക്കു കാരണം സാമ്പത്തിക പ്രതിസന്ധിയും.

പഞ്ചാബിൽ ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ മൊത്ത എണ്ണം പതിനായിരത്തോളമെത്തുന്നു. മൂന്നു സർവ്വകലാശാലകൾ ചേർന്നു നടത്തിയ ഒരു പഠനത്തിൽ 2000 മുതൽ 2011 വരെയുള്ള കാലയളവിൽ ഏകദേശം 7000 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നാണ് കണ്ടെത്തിയത്. അതേ സർവ്വകലാശാലകൾ ഇപ്പോൾ നടത്തിവരുന്ന ഗവേഷണത്തിൽ 2011-15 കാലത്ത് നാലായിരത്തോളം കർഷകർ പഞ്ചാബിൽ ആത്മഹത്യ ചെയ്തു കഴിഞ്ഞെന്നാണ് തെളിഞ്ഞിട്ടുള്ളത്. ഒരു കാലത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി ഗണിക്കപ്പെട്ടിരുന്ന പഞ്ചാബിലെ കാർഷിക രംഗത്തെ ഇപ്പോഴത്തെ ദുരവസ്ഥയുടെ മനം മരവിപ്പിക്കുന്ന ചിത്രമാണിത്!

എന്താണീ കർഷക പ്രതിസന്ധി? ഏതാനും വർഷങ്ങളായി പഞ്ചാബിലെ മുഖ്യ ഭക്ഷണ ധാന്യങ്ങളായ ഗോതമ്പിന്റെയും നെല്ലിന്റെയും ഉല്പാദനം വർദ്ധിച്ചിട്ടില്ലെന്നുതന്നെ പറയാം. കഴിഞ്ഞ ദശകത്തിൽ വർദ്ധനവ് വെറും 7% മാത്രമാണ്. അതായത് പ്രതിവർഷം ഒരു ശതമാനം പോലുമില്ല. പഞ്ചാബിലാണെങ്കിൽ ആകെ ഭൂമിയുടെ 82 ശതമാനവും, ജലസേചനസൗകര്യമുള്ളതിന്റെ 99 ശതമാനവും കൃഷിയിലാണ്. തരിശ് ഇല്ലെന്നു തന്നെ പറയാം. എന്നിട്ടും ഉല്പാദനം സാരമായി വർദ്ധിക്കുന്നില്ലെങ്കിൽ വിളവു മെച്ചപ്പെടുത്തുക മാത്രമാണ് പോംവഴി. എന്നാൽ ദൗർഭാഗ്യവശാൽ അതിന് സാധിക്കുന്നില്ല. വാസ്തവത്തിൽ ഹെക്റ്റർ ഒന്നിന് ധാന്യോല്പാദനം 2011-12ൽ ഹെക്ടറിൽ 4364 കി.ഗ്രാം ആയിരുന്നത് 2015-16 ൽ 4304 കിലോഗ്രാമിലേക്ക് താഴുകയാണുണ്ടായത്. അതോടൊപ്പം ഉല്പാദനച്ചെലവ് കുതിച്ചുയരുകയും ചെയ്തു. കൂലി, വളങ്ങളുടെ വില, വാഹനച്ചെലവ് എന്നിവയുടെയെല്ലാം വർദ്ധനവ് കാർഷികോല്പന്നങ്ങളുടെ വിലക്കൂടുതലുമായി പൊരുത്തപ്പെടുന്നില്ല. അതിനും പുറമെ പ്രകൃതിക്ഷോഭങ്ങൾ, കീടബാധ, സസ്യരോഗങ്ങൾ മുതലായവമൂലം കൃഷിനാശം സംഭവിക്കുന്നു. കൃഷിയിറക്കുന്നതിനുവേണ്ടി എടുക്കുന്ന വായ്പകൾ തിരിച്ചടക്കാൻ കർഷകർക്കു കഴിയുന്നില്ല. സർക്കാരിൽ നിന്ന് കൃഷിക്കാർക്കായി നൽക

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editors
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
കർഷക ആത്മഹത്യയ്ക്ക് പരിഹാരം കാണണം 1

ആത്മീയത: ഒരു സംവാദം 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

ഇങ്ങനെയും ഒരാൾ 6
മുണ്ടമറ്റം രാധാകൃഷ്ണൻ

സ്വയം കണ്ടെത്തൽ മനുഷ്യനെ സ്വതന്ത്രനാക്കുന്നു 8
ഡോ. തോമസ് മാർ അത്താനാസ്യോസ്

EXODUS 12
George Kaithavana

ഏവൻഗേലിയോൻ വായനപ്പടി-2016 13
ഫാ. ഷിബു കുര്യൻ

വാർത്തകൾ, അറിയിപ്പുകൾ 15-16

പ്പെടുന്ന ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും മിക്കവാറും അവരിലെത്തുന്നുമില്ല. ഇതെല്ലാം കൊണ്ട് നട്ടം തിരിയുന്ന കർഷകരിൽ ചിലരെല്ലാം ആത്മഹത്യക്കു തുനിയുന്നു. അവരുടെ എണ്ണം ക്രമേണ പെരുകുന്നു. ഇതാണ് കർഷക പ്രതിസന്ധി.

ഇന്ത്യയിലെ കർഷക ആത്മഹത്യയുടെ ചില സ്ഥിതിവിവരക്കണക്കുകൾ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ (N.C.R.B.) ഈയിടെ പുറത്തുവിടുകയുണ്ടായി. അതനുസരിച്ച് രാജ്യത്തെ ആത്മഹത്യാനിരക്കിൽ 2015 ൽ 2014 ലേക്കാൾ 42% വർദ്ധനവാണ് സംഭവിച്ചിരിക്കുന്നത്. 2014-ൽ മരണം 5650 ആയിരുന്നെങ്കിൽ 2015 ൽ അത് 8007 ആയി ഉയർന്നു. 2015 ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടന്നത് മഹാരാഷ്ട്രയിലായിരുന്നു. അവിടെ ആ വർഷം 3630 കർഷകർ സ്വയം ജീവനൊടുക്കി. അത് ഇന്ത്യയിലെ ആ വർഷത്തെ മൊത്തം കർഷക ആത്മഹത്യയുടെ 37.8% ആയിരുന്നു. രണ്ടാം സ്ഥാനത്തുനിന്ന തെലുങ്കാനയിൽ 1538-ഉം മൂന്നാം സ്ഥാനത്തുനിന്ന കർണ്ണാടകയിൽ അത് 1197-ഉം നാലാം സ്ഥാനത്തുനിന്ന ഛത്തിഷ്ഘട്ടിൽ 854-ഉം അഞ്ചാം സ്ഥാനത്തുനിന്ന മധ്യപ്രദേശിൽ 581-ഉം ആറാം സ്ഥാനത്തുനിന്ന ആന്ധ്രാപ്രദേശിൽ 516-ഉം ആയിരുന്നു. ഈ ആറു സംസ്ഥാനങ്ങളിലാണ് ഇന്ത്യയിലെ ആ വർഷത്തെ മൊത്തം കർഷക ആത്മഹത്യയുടെ 94.1% സംഭവിച്ചത്. പഞ്ചാബ് ഈ ആറു സംസ്ഥാനങ്ങളിൽ വരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതിക്ഷോഭങ്ങൾക്ക് കർഷക ആത്മഹത്യയിൽ നിർണ്ണായക പങ്കുണ്ട്. മുൻ പട്ടികയിൽ തലപ്പത്തു നിൽക്കുന്ന മഹാരാഷ്ട്രയിൽ 2014, 2015 വർഷങ്ങളിൽ തുടർച്ചയായ രൂക്ഷ വരൾച്ച അനുഭവപ്പെട്ടിരുന്നു. വരൾച്ച മൂലം വിളകൾ ഉണങ്ങി നശിക്കുമെന്നു മാത്രമല്ല വൈദ്യുതി ഉല്പാദനം കുറഞ്ഞ് ജലസേചന സൗകര്യം പോലും ഇല്ലാതാക്കുകയും ചെയ്യുന്നു. ഇതുണ്ടാക്കുന്ന സാമ്പത്തികത്തളർച്ച കർഷകരെ ആത്മഹത്യയിലേക്കു തള്ളിയിടുന്നു.

N.C.R.B. നൽകുന്ന സ്ഥിതിവിവരക്കണക്കുകളിൽ നിന്നു മനസ്സിലാകുന്ന മറ്റൊരു വസ്തുത 2014 ലേക്കാൾ 2015 ൽ കർഷക ആത്മഹത്യകൾ 42% വർദ്ധിച്ചപ്പോൾ അതേ കാലയളവിൽ കർഷകത്തൊഴിലാളികളുടെ ആത്മഹത്യയിൽ കുറവുണ്ടായി എന്നതാണ്. ഈ കാലയളവിൽ കർഷകത്തൊഴിലാളികൾക്കു ലഭിച്ച കൂലി വർദ്ധനയാണ് അവരുടെ ആത്മഹത്യയിലുണ്ടായ താഴ്ചയ്ക്ക് കാരണമെന്നുവേണം അനുമാനിക്കുവാൻ. അതേസമയം കൂലി വർദ്ധനവിനനുസരിച്ച് കാർഷികോല്പന്നങ്ങൾക്കു വില വർദ്ധനവരാത്തതിനാൽ കർഷകർ കൂടുതൽ സാമ്പത്തിക വിഷമത്തിലാവുകയും അവരിൽ കൂടുതൽ പേർ ആത്മഹത്യയിൽ ആശ്വാസം തേടുകയും ചെയ്തു. കാരണം കൃഷിക്കുള്ള മുതൽമുടക്കും കൂലിച്ചെലവും

(ശേഷം 11-ാം പേജിൽ)

മെത്രാപ്പോലീത്തായുടെ കത്ത്

ആത്മീയത: ഒരു സംവാദം

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിനിലെ 'മെത്രാപ്പോലീത്താ യുടെ കത്ത്' എന്ന പംക്തിയിൽ കഴിഞ്ഞ 27 വർഷമായി പ്രസിദ്ധീ കരിക്കപ്പെട്ടുവരുന്ന രചനകൾ ആ ദ്ധ്യാത്മീകതയെ വേണ്ടവിധം സ്പർശിക്കുന്നില്ല എന്നൊരാക്ഷേപ മുണ്ട്. സാമൂഹ്യം, സാമ്പത്തികം, മതം, രാഷ്ട്രീയം, ഭരണം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി മുതലായ വിവിധ വിജ്ഞാന ശാഖകളിൽപെട്ട സമകാലീന പ്രാധാന്യവും പ്രസക്തിയുമുള്ള വിഷയങ്ങളാണ് ഈ കത്തുകളിലെ ചർച്ചക്കായി തിരഞ്ഞെടുക്കപ്പെടാറുള്ളത്. കത്തുകളിലെ വിഷയങ്ങൾ ഉള്ളടക്കങ്ങൾ പോലെതന്നെ വിമർശനവിധേയമാകുണ്ട്. ഉദാഹരണത്തിന് കഴിഞ്ഞ ലക്ക (2017 ജനുവരി) ത്തിലെ കത്തിന്റെ പ്രമേയം യുഗപ്രഭാവനായ ഫിഡൽകാസ്ട്രോ ആയിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ചാണ് ആ അനുസ്മരണമെഴുതിയത്. കമ്മ്യൂണിസ്റ്റ് ലോകത്തെ ഒരു അതികായനായിരുന്ന ഫിഡൽ കാസ്ട്രോയെപ്പറ്റി അദ്ദേഹത്തിന്റെ ചരമത്തോടനുബന്ധിച്ച് കേരളത്തിലെ മറ്റൊരു ക്രിസ്തീയ പ്രസിദ്ധീകരണം പോലും ഒരു ലേഖനം എഴുതിയതായി അറിവില്ല. ഈശ്വര വിശ്വാസിയായി അറിയപ്പെടാത്ത ആ മനുഷ്യനെക്കുറിച്ച് എന്തിന് ഒരു സഭാമാസിക പ്രത്യേകിച്ചും ആസ്വാദനരൂപത്തിൽ എഴുതി എന്ന ചോദ്യം മറുപടി അർഹിക്കുന്നു. അതിനുമുമ്പത്തെ രണ്ടു കത്തുകളിൽ 'രാജ്യസുരക്ഷാ സങ്കല്പം: പുനഃപരിശോധനആവശ്യം' എന്ന വിഷയമാണ് കൈകാര്യം ചെയ്തത്. മേൽപ്പറഞ്ഞ വിഷയങ്ങളും, അവ സംബന്ധിച്ച ചർച്ചകളും ക്രിസ്തീയ ആത്മീയതയുമായി ബന്ധപ്പെട്ട കാര്യമാണ് എന്നതാണ് ഈ വിമർശനങ്ങളോടുള്ള പ്രാഥമിക പ്രതികരണം.

നാമെല്ലാവരും ഈ ലോകത്തു ജീവിക്കുന്നവരാണ്. സമൂഹത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഈ ലോകത്തിലെ ജനജീവിതത്തെ സ്വാധീനിക്കുന്ന വ്യക്തികൾ, ഇവിടെ നടക്കുന്ന, നടന്നിട്ടുള്ള പ്രധാനസംഭവങ്ങൾ എന്നിവയെക്കുറിച്ച് ക്രിസ്തീയ കാഴ്ചപ്പാടിലുള്ള ചർച്ചകൾ, വിലയിരുത്തലുകൾ, എന്നിവയെല്ലാം നമ്മുടെ ആത്മീയ-മതജീവിതവുമായി ബന്ധപ്പെട്ടതുതന്നെ. കാരണം സമൂഹത്തെ ചലിപ്പിക്കുന്ന വ്യക്തികളെയും, സംഭവങ്ങളെയും മാറ്റങ്ങളെയും അവഗണിച്ച് ഒരു ക്രൈസ്തവ സമൂഹത്തിന് അർത്ഥവത്തായ ജീവിതം നയിക്കാനാവില്ല. സഭ സമൂഹത്തിന്റെ ഭാഗമായതിനാലും അതിന് സമൂഹത്തെ സംബന്ധിച്ച് ചില അടിസ്ഥാനഉത്തരവാദിത്തങ്ങൾ ഉള്ളതിനാലും അവ ക്രിസ്തീയ ജീവിതവുമായി ബന്ധപ്പെട്ട് സംവദിക്കുക എന്നത് ഒരു ക്രൈസ്തവ പ്രസിദ്ധീകരണത്തിന്റെ പ്രാഥമീകമായ ധർമ്മങ്ങളിൽ ഒന്നാണ്. രാഷ്ട്രീയവും സാമൂഹികവുമായ വിഷയങ്ങൾ എല്ലാ മനുഷ്യരെയും ബാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ അവ ക്രൈസ്തവരുടെയും വിഷയങ്ങളാണ്. സഭാജീവിതത്തിൽ പുതിയ ചിന്തകളും കാഴ്ചപ്പാടുകളും സൃഷ്ടിക്കുന്നതിന് പൊതുസമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ ആവശ്യമാണ്. വസ്തുതകളോടും യാഥാർത്ഥ്യങ്ങളോടും ബന്ധമില്ലാത്ത ആത്മീയതയും അതു സംബന്ധിച്ച ചർച്ചകളും ആത്മീയതയെ ശുഷ്ക്കവും ജീവിതബന്ധമില്ലാത്തതും ആക്കിത്തീർക്കുന്നു. നമ്മുടെ ചുറ്റുപാടും നടക്കുന്ന എല്ലാ പ്രധാന നീക്കങ്ങളെയും, വിഷയങ്ങളെയും അഭിസംബോധനചെയ്യുന്നത് അർത്ഥവത്തായ ആത്മീയ-സഭാജീവിതത്തിന് അനിവാര്യമായി കാണണം എന്നു ചുരുക്കം.

ക്രൈസ്തവ സമൂഹം ധാർമ്മികവും, വിമോചനപരവുമായ സാമൂഹ്യമാറ്റങ്ങൾക്കുവേണ്ടി നിലകൊള്ളണം എന്നത് ക്രിസ്തു നൽകിയിരിക്കുന്ന നിയോഗമാണ്. അതു നമ്മുടെ മൗലിക ദൗത്യമാണ്. മറ്റാരും കെട്ടിവയ്ക്കുന്നതല്ല. ജീവിക്കുന്ന സമൂഹത്തിന്റെ ഭാഗമായി, അനീതിക്കു നേരെ കണ്ണടച്ച് ആരെയും അലോസരപ്പെടുത്താതെ എല്ലാത്തിനോടും പൊരുത്തപ്പെട്ട് കഴിയുന്നതല്ല ക്രിസ്തീയ ജീവിതം. നേരെമറിച്ച് സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന അനീതി, ജീർണ്ണത, അസാമൂഹികത, അഴിമതി, ആയുധപ്പന്തയം എന്നിവ തിരുത്തി സാമൂഹിക ജീവിതം സംശുദ്ധവും പൂർണ്ണവുമാക്കേണ്ടത് സഭയുടെ കൂടെ ഉത്തരവാദിത്തമാണ്. ഇതു സഭയെ സംബന്ധിച്ച് ഒരു വെല്ലുവിളിയാണ്. ഇതേറ്റെടുക്കുന്നതാണ് ക്രിസ്തീയ സാക്ഷ്യത്തിന്റെ പൊരുൾ. ഇതു നടക്കാതെ വരുമ്പോൾ സഭയുടെ ക്രിസ്തീയത്തം ഊരിവീഴുകയാണ്. ഈ വെല്ലുവിളി സ്വീകരിച്ചാൽ മാത്രമേ ക്രിസ്തു വിമോചകനും സുവിശേഷം

ക്രിസ്തീയ ജീവിതത്തിന് അടിസ്ഥാനമാതൃക ക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയുമാണ്. യേശുവിന്റെ ശുശ്രൂഷ ദൈവരാജ്യ സങ്കല്പത്തിന്റെ വെളിപ്പെടുത്തലായിരുന്നു. അവിടെക്കാണുന്ന ജീവിതമാകട്ടെ നീതിയിലും സ്നേഹത്തിലും പങ്കുവെപ്പിലും വേരൂന്നിയ ക്രിസ്തു കേന്ദ്രീകൃതമായി രൂപപ്പെടുന്ന ഒരു ബദൽ ജീവിതക്രമമാണ്. ഇത് തീർച്ചയായും ഒരുരാഷ്ട്രീയ-സാമൂഹ്യ പദ്ധതിയും കൂടിയാണ്. എന്നാൽ ഇത് ലോകജീവിതം നിഷേധിച്ചുകൊണ്ടുള്ള പരലോക മോക്ഷപ്രാപ്തിയുമായി മാത്രം ബന്ധപ്പെട്ട ഭൗതീക വിരുദ്ധമായ ഒന്നല്ല. പ്രത്യുത, ഈ പ്രാപഞ്ചിക-ഭൗതീക ജീവിതത്തിൽ രൂപപ്പെടുന്ന സാമൂഹിക-സാമ്പത്തിക-ബന്ധ കാര്യങ്ങളിലെ നീതിപരമായ പരിവർത്തനമാണ് ഇതി വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് നാം ജീവിക്കുന്ന സമൂഹത്തിന്റെ നീതിപൂർവ്വവും മനുഷ്യത്വപരവുമായ പരിവർത്തനത്തിന് പ്രേരകമാകുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മീകതയുടെ പ്രധാന സ്വഭാവമായി കണക്കാക്കേണ്ടതുണ്ട്. കഫർണഹൂമിലെ സംഘാലയത്തിൽ വച്ച് യേശു എശയ്യാപ്രവചനച്ചുരുൾ നിവർത്തി വായിച്ച ഭാഗം തന്റെ ദൗത്യത്തിന്റെ ദർശനവും രൂപവും മേഖലയുമെല്ലാം വെളിപ്പെടുത്തുന്നതാണ്. ക്രിസ്തീയ ആദ്ധ്യാത്മീകതയുടെ ഉള്ളടക്കവും ഇത് വ്യക്തമാക്കുന്നു. അവിടെ അന്ധർക്കു കാഴ്ചയും ബധിരർക്ക് കേൾവിയും ബന്ധിതർക്ക് വിടുതലും സകലർക്കും സമഗ്ര വിമോചനവുമാണ് ക്രിസ്തു തന്റെ ദൗത്യലക്ഷ്യമാക്കി ഏറ്റെടുക്കുന്നത്. തന്റെ വിടവാങ്ങലിൽ ക്രിസ്തു സഭയോട് ആവശ്യപ്പെടുന്ന സാക്ഷ്യം ഇതിന്റെ നിർവ്വഹണമാണ്. അതുകൊണ്ട് സഭയുടെ ആദ്ധ്യാത്മികത എന്നത് കൃത്യമായ രൂപഭദ്രതയുള്ള-ഒരു പരിവർത്തനത്തിനും വിധേയമാകാത്ത-ഒന്നല്ല. നേരെമറിച്ച് വളരുന്നതും രൂപപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. സഭയുടെ വിശ്വാസവും പ്രതികരണങ്ങളും രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെ അതിന്റെ ആദ്ധ്യാത്മികതയും തിരിച്ചറിവുകളുടെ വെളിച്ചത്തിൽ മാറ്റത്തിനും രൂപപ്പെടലിനും വിധേയമായിക്കൊണ്ടിരിക്കണം. ഓരോ സഭയ്ക്കും ഓരോ പ്രത്യേക ആത്മീയത ആവശ്യമില്ല. ഒരു സഭയ്ക്ക് ഒരു നിശ്ചിത ആദ്ധ്യാത്മികത മാത്രമേ ആകാവൂ എന്നും, മറ്റുള്ളവയെല്ലാം നിഷിദ്ധമാണ് എന്നുമുള്ള നിലപാടും ശരിയുമല്ല. മനുഷ്യമനസ്സിന്റെ ഘടനയും ഛായയും അനുസരിച്ച് പ്രത്യേ ക ആദ്ധ്യാത്മീകത സ്വീകരിക്കാവുന്നതാണ്. അതായത് വൈവിധ്യമാർന്ന ആദ്ധ്യാത്മികതകൾക്ക് സഭയ്ക്കുള്ളിൽ അംഗീകാരം സിദ്ധിക്കേണ്ടതാണ്. അത് സഭയുടെ കാതോലികത്വത്തിന്റെ സൂചകമാണ്. അതിലെ വിശ്വാസികളുടെ വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ ആത്മീകതയുടെ വിവിധ രൂപങ്ങൾ ഉൾക്കൊള്ളുവാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചുകൂടാ. ഒന്നു മാത്രം ശരിയും മറ്റെല്ലാം തെറ്റുമായി മാറരുത്. സഭ എല്ലാ ആത്മീക കൈവഴികളും ഉൾക്കൊള്ളുന്നതാകണം. അവയുടെ ആധികാരികതയുടെ അടിസ്ഥാനം അവ എത്രമാത്രം പ്രപഞ്ച യാഥാർത്ഥ്യങ്ങളോട് ബന്ധമുള്ളതാണ് എന്നതും എത്രമാത്രം വിമോചനാത്മകവും ക്രിസ്തീയ ജീവിതത്തിലേക്ക് വിശ്വാസിയെ തിരിക്കുന്നതിന് പരിവർത്തനശേഷി ഉള്ളതുമാണ് എന്നതുമായിരിക്കണം. അതിന് സഭ ഒരു അധികാര ഘടനയും സഭാദ്ധ്യക്ഷന്മാർ അധികാരികളുമാണ് എന്ന ചിന്ത നീങ്ങിയാലേ സാധിക്കൂ.

വിമോചന സന്ദേശവുമായി പരിണമിക്കുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ ഡയോസിസൻ ബുള്ളറ്റിനിന്റെ ഒരു പ്രാഥമിക പരിഗണന എന്നത് ലോകയാഥാർത്ഥ്യങ്ങളോട് ക്രിസ്തീയമായി പ്രതികരിക്കുകയും അവ സംബന്ധിച്ച് അർത്ഥവത്തായ സംവാദങ്ങൾക്ക് പ്രേരണ നല്കുകയും ചെയ്ത് അർത്ഥവത്തായ മത-ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിക്കുകയാണ്. ഏതു വിഷയം സംബന്ധിച്ചും ഒരു ക്രിസ്തീയ കാഴ്ചപ്പാട് രൂപീകരിക്കേണ്ടത് സമഗ്രതയുള്ള ഒരു ക്രിസ്തീയ ജീവിതത്തിന് ആവശ്യമാണ്. ഇതിന് ഇതിലെ രചനകൾ സഹായകമാകണം എന്ന ലക്ഷ്യമുണ്ട്. നന്മയുടെ പക്ഷം പിടിച്ച് തിന്മക്കെതിരെ പോരാടുക ക്രിസ്തീയതയുടെ മുഖമുദ്രയാണ്. ശരിക്കും, ധാർമ്മികതയ്ക്കും വേണ്ടിയുള്ള ചെറുത്തുനിൽപും പോരാട്ടവും സഭയുടെ ആദ്ധ്യാത്മികതയുടെ കാര്യമായി കാണേണ്ടതുണ്ട്. അതിനുള്ള പ്രേരകശക്തിയായിരിക്കണം ഓരോ ക്രിസ്തീയ പ്രസിദ്ധീകരണവും.

അതായത് ക്രിസ്തീയ ആത്മീയത ഈ പ്രസിദ്ധീകരണത്തിൽ മെത്രാപ്പോലീത്തായുടെ കത്തുകളിൽ പരാമർശിക്കപ്പെടുന്ന വിഷയങ്ങളും, ചർച്ചകളുമായി ബന്ധപ്പെട്ടുതന്നെ ഉള്ളതാണ്. വരുന്ന നാളുകളിലെ ഉപവാസ-വ്രത ദിവസങ്ങൾ മുമ്പിൽ കണ്ടുകൂടിയാണ് ഇത് കുറിച്ചത്. ക്രിസ്തീയ ആദ്ധ്യാത്മികത പൗരസ്ത്യം, പാശ്ചാത്യം, നവീകരണ, കരിസ്മാറ്റിക് ലിബറേറ്റീവ് എന്നിങ്ങനെയുള്ള മേലെഴുത്തുകളിൽ തരംതിരിച്ച് അതിന്റെ പരിധികളും ചുറ്റുമതിലുകളും തീർക്കുകയല്ല; നേരെമറിച്ച് സഭ ഇവയെ എല്ലാറ്റിനേയും ഉൾക്കൊണ്ട് കൂടുതൽ inclusive and accommodative ആകേണ്ടതായിട്ടുണ്ട്. ആ

ത്മികത എന്നത് ഈ സാക്ഷ്യനിർവ്വഹണത്തിന് ഒരുങ്ങുകയും സമൂഹത്തെ ഒരുക്കുകയും ചെയ്യുന്ന ജീവിതത്തിന്റെ രൂപപ്പെടലാണ്. ക്രിസ്തീയ സഭയുടെ ആദ്ധ്യാത്മികത അടിസ്ഥാനപരമായി വിമോചനപ്രക്രിയയും മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളുമായി ബന്ധപ്പെട്ട സമഗ്രസ്വഭാവമുള്ള, തിരിച്ചറിവിന്റെയും മാനസിക പരിവർത്തനത്തിന്റെയും വിഷയമാണ്. 'മെത്രാപ്പോലീത്തായുടെ കത്തുകൾ' പ്രതിനിധീകരിക്കുന്നത് ഈ ആത്മീയതയെയാണ്.

തങ്ങളുടെ പ്രവൃത്തികളിൽ നീതിയും ന്യായവും പാലിക്കാത്ത പരീശ മതജീവിതത്തിന്റെ അപര്യാപ്തതയെയും ശുഷ്കതയെയും കർത്താവ് കണക്കറ്റ് പരിഹസിക്കുന്നുണ്ട്. ഇന്നത്തെ അനുഷ്ഠാനആദ്ധ്യാത്മികർ ഇവരുടെ രീതി തന്നെ അവലംബിക്കുന്നവരാണ്. പരീശന്മാർക്കും നോമ്പും ഉപവാസവും വേഷംകെട്ടുമെല്ലാം ഇന്നത്തെപോലെ തന്നെ ഉണ്ടായിരുന്നു. ഏഴുനേരം പ്രാർത്ഥിച്ചും കുത്തിമറിഞ്ഞ് കുമ്പിട്ടും കൈകാലുകളിൽ ഒട്ടകത്തിന്റെ മുട്ടുകളിലേതുപോലെ തഴമ്പു സൃഷ്ടിച്ചും അലമുറയിട്ട് പ്രാർത്ഥിച്ച് കൂട്ടിയും പ്രകടനപരമായി ജീവിക്കുന്നതാണ് ശരിയായ ആത്മീകത എന്നാണല്ലോ ഇന്നും പലരും ചിന്തിക്കുന്നത്. എന്നാൽ ഇതൊക്കെ ചെയ്യുന്നവരിൽ അടിസ്ഥാനമനുഷ്യത്വം, നീതിബോധം, സത്യസന്ധത ഇവയൊന്നും കാണാതെ വരുമ്പോൾ ഈ പ്രകടന ആദ്ധ്യാത്മികതയുടെ സ്വാധീനം എവിടെ എന്ന ചോദ്യം അവശേഷിക്കുന്നു. യഥാർത്ഥ ആദ്ധ്യാത്മിയതയുടെ മാനദണ്ഡം എന്നത് വ്യക്തി-സമൂഹ ജീവിതങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന പരിവർത്തനമാണ്. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത് മരത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിലാണെന്ന്. ആത്മീകതയുടെ പരിവർത്തനക്ഷമതയാണ് അതിന്റെ ആധികാരികതയുടെ അടയാളമെന്നു പറയാം. മനുഷ്യനിൽ അടിസ്ഥാനധാർമ്മീക ഫലങ്ങളും, മനുഷ്യത്വവും, നീതിബോധവും, വിമോചനാത്മകതയും സൃഷ്ടിക്കുന്നു എങ്കിൽ അതാണ് യഥാർത്ഥ ആത്മീകത (authentic spirituatity). മനുഷ്യൻ വ്യാപരിക്കുന്ന സകല ജീവിത മേഖലകളിലും അതിന്റെ പ്രതികരണവും പ്രതിഫലനവും ദൃശ്യമാവുകയും ചെയ്യും.

അനുഷ്ഠാനങ്ങൾ നവീകരിക്കപ്പെട്ട ജീവിതത്തിന്റെ പ്രതികരണങ്ങളെങ്കിൽ നല്ലതുതന്നെ. അല്ലാതെ അനുഷ്ഠാനങ്ങളുടെ നിർവ്വഹണമാണ് ആദ്ധ്യാത്മീകതയെന്ന് ചിന്തിച്ചാൽ തെറ്റി. അതിനെയാണ് പഴയനിയമത്തിൽ പ്രവാചകരും പുതിയ നിയമത്തിൽ യേശുക്രിസ്തുവും വിമർശിച്ചത്. എശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ഉപവാസത്തെപ്പറ്റി പറയുമ്പോൾ യഥാർത്ഥ ആത്മീയതയിൽ എന്തു സംഭവിക്കണം എന്നുതന്നെയാണ് പറയുന്നത്. ദുഷ്ടതയുടെ അമിക്കയർ പൊട്ടിക്കുന്നതും മർദ്ദിതരെ സ്വതന്ത്രരാക്കുന്നതുമെല്ലാമാണത്. അനുഷ്ഠാനപരം മാത്രമായ ഉപവാസ ആചരണങ്ങൾ കർത്താവിന് അറപ്പാണ് എന്നും പ്രവാചകൻ പറയുന്നത് ഈ പശ്ചാത്തലത്തിലാണ്.

ചുരുക്കത്തിൽ മതജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങളല്ല വചനപ്രകാരമുള്ള ആത്മീകത. നേരെമറിച്ച് അത് സത്യത്തിനും, ന്യായത്തിനും, മനുഷ്യത്വത്തിനും, വിമോചനത്തിനും വേണ്ടിയുള്ള ശ്രമങ്ങളിൽ പങ്കുചേരുകയാണ്. വിവിധ ജീവിത മേഖലകളുമായി ബന്ധപ്പെട്ടുകഴിയുന്ന മനുഷ്യന് ആദ്ധ്യാത്മികതയുടെ സ്വാധീനപരിധിയിൽ നിന്ന് ഒന്നിനെയും വിമുക്തമാക്കി ക്രിസ്തീയജീവിതം നയിക്കാനാവില്ല. എല്ലാ ജീവിത വ്യാപാരങ്ങളും ക്രിസ്തീയ വീക്ഷണത്തിൽ മനസ്സിലാക്കുവാനും അതിന് അനുസൃതമായി ജീവിതം ക്രമപ്പെടുത്തുവാനും വ്യക്തികളേയും സമൂഹത്തേയും ഒരുക്കുകയാണ് ക്രിസ്തീയ ആത്മീകത ലക്ഷ്യമിടുന്നത്. നിലവിലിരിക്കുന്ന കപടവും സങ്കുചിതവും അനുഷ്ഠാനപ്രധാനവുമായ ആദ്ധ്യാത്മികതയുടെ മുഖാവരണവും ആടയാഭരണങ്ങളും അഴിച്ചുമാറ്റി നീതിയുടെയും, വിമോചനത്തിന്റെയും, മറ്റ് ദൈവരാജ്യ മൂല്യങ്ങളുടെയും സ്വാധീനത്തിലുള്ള ചൈതന്യവത്തായ ഒരു നവ ആത്മീയത സഭ അണിയേണ്ടതുണ്ട്. ഇതു സഭയുടെ ദൗത്യനിർവ്വഹണത്തിന്റെയും സാംഗത്യത്തിന്റെയും ആവശ്യമായി കണക്കാക്കേണ്ടതാണ്.

സസ്നേഹം

നിങ്ങളുടെ

അത്തനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക്	– 100 രൂ.
ആയുഷ്ക്കാലം	– 1000 രൂ.
വിദേശത്ത്	– 6000 രൂ. (100 ഡോളർ)

കഥ

ഇങ്ങനെയും ഒരാൾ

മുണ്ടമറ്റം രാധാകൃഷ്ണൻ

ഹോസ്റ്റൽ ജീവിതത്തിന്റെ അവസാനരാത്രിയാണിത്. അതോടൊപ്പം ജീവിതത്തിലെ ഒരു സുപ്രധാനകാലഘട്ടത്തിന്റെയും, ഒരുപാടു പ്രതീക്ഷകളുമായി വന്നു, സ്വതന്ത്രമായി, സന്തോഷമായി, പ്രാരാബ്ധങ്ങളറിയാതെ ജീവിച്ചു; വിദ്യാദേവതയുടെ ഉപാസകരായി. ഒരേ കൂരയ്ക്കു കീഴിൽ, ഒരേ ലക്ഷ്യത്തോടെ, ഒരുമിച്ചു കഴിഞ്ഞവർ നാളേം അവരവരുടെ വഴിക്കുപോകും, പിന്നെ....... കണ്ടാൽ കണ്ടു, അത്ര തന്നെ. ഒരു ദിവസം അടുക്കും, അടുത്ത ദിവസം അകലും, അതിനിടയിലെ ഒരു കൊട്ടിക്കലാശം മാത്രമാണ് ജീവിതം.

ഹോസ്റ്റൽ, സാമൂഹ്യ ജീവിതത്തിന്റെ ഒരു പരിശീലനക്കളരിയാണ്. നിത്യജീവിതത്തിൽ അറിയുകയും അനുസരിക്കുകയും ചെയ്യേണ്ടതായ ഒരുപാടു പാഠങ്ങൾ ഇവിടെ നിന്നു പഠിച്ചു. സ്നേഹം, സഹിഷ്ണുത, സഹകരണം, ത്യാഗം ....

ഈ രാത്രി, വേർപാടിന്റെ രാത്രി, ഓർമ്മകളുടെ രാത്രി, ഇവിടെ വന്നതു മുതൽ ഈ നിമിഷം വരെയുള്ള അനുഭവങ്ങൾ ഇക്കിളിപ്പെടുത്തുകയും നൊമ്പരപ്പെടുത്തുകയും ചെയ്യുന്ന രാത്രി. ഇത് കാലഘട്ടത്തിന്റെ അവസാനരാത്രി. ഉറങ്ങിയും ഉറങ്ങാതെയും ആശങ്കപ്പെട്ടും കഴിയേണ്ട ഒരുപാട് രാത്രികളുടെ മുൻഗാമിയായ രാത്രി. ഇതു കഴിഞ്ഞാൽ .... ജീവിതമെന്ന മഹാവനത്തിൽ ഉദ്യോഗമെന്ന കൃഷ്ണമൃഗത്തിനു വേണ്ടിയുള്ള മൃഗയാവിനോദം തുടങ്ങാം. അപേക്ഷ, എഴുത്തു പരീക്ഷ, മുഖാമുഖം, കാത്തിരിപ്പ് എല്ലാം വഴിപോലെ നടക്കും. പി.എസ്.സി. എന്ന മഹാദേവന്റെ കരുണാകടാക്ഷങ്ങൾക്കായി, ശിവപ്രീതിക്കായി തപസ്സു ചെയ്ത ഹിമവത് പുത്രിയുടെ തപസ്സേറ്റെടുക്കാം.

ഒടുവിൽ പ്രാർത്ഥന, വഴിപാട് ഇവയിലൂടെ സമർപ്പിച്ച അപേക്ഷ സ്വീകരിച്ച്, മഹാദേവൻ തൃക്കണ്ണു തുറന്നു. അവൻ പുഷ്പസായകനായി പോസ്റ്റുമാന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു. നേരെ നീട്ടിയ കവർ, പൂജാരിയിൽ നിന്നും പ്രസാദം വാങ്ങുന്ന ഭക്തനേപ്പോലെ, സ്വീകരിച്ചു. അതിനുള്ളിലുണ്ടായിരുന്ന നിയമനഉത്തരവ് പൂവമ്പായി എവിടെയൊക്കെയോ കൊണ്ടു. ഒരു സർക്കാർ പള്ളിക്കൂടത്തിലെ അധോമണ്ഡല ഗുമസ്തനായി ഞാൻ ചിരിതൂകി നിന്നു.

അടുത്ത ദിവസം തന്നെ പുറപ്പെട്ടു. ബസ്സിൽ കണ്ണടച്ചിരുന്നു. മനസ്സ് പിടിവിട്ട് എവിടെ ഒക്കെയോ ചുറ്റിത്തിരിഞ്ഞു. ഇരിക്കുന്നതു പുഷ്പക വിമാനത്തിലാണെന്നു തോന്നി. രണ്ടു മണിക്കൂർ പോയതറിഞ്ഞില്ല. സ്കൂളിന്റെ തിരുമുറ്റത്തു കാൽകുത്തിയപ്പോൾ നേരിയ പരിഭ്രമം തോന്നാതിരുന്നില്ല. മുന്നോട്ടു നീങ്ങി. പെട്ടെന്ന് ഒരു കൂട്ടച്ചിരി കേട്ടു. അറിയാതെ നിന്നുപോയി. പടർന്നു പന്തലിച്ച ഒരു പ്ലാവിന്റെ ചുവട്ടിൽ കുട്ടികളുടെ ഒരു കൂട്ടം. നടുവിൽ ഒരാൾ നിന്നിരുന്നു. തടിച്ച ശരീരം, വലിയ വയർ, മുഴുത്ത തലയുടെ ഭാരം താങ്ങാനാവാതെ ഉടലിലേക്കിറങ്ങിപ്പോയി. കഷ്ടിച്ച് അഞ്ചടി ഉയരം. പഞ്ഞിപോലെ വെളുത്ത മുടി പറ്റെ വെട്ടിയിരുന്നു. മുഖത്തിന്റെ സിംഹഭാഗവും അപഹരിച്ച വലിയ വായ. ജുബ്ബയും മുണ്ടും വേഷം. കുട്ടികൾ തട്ടുകയും മുട്ടുകയും പോക്കറ്റിൽ കയ്യിടുകയുമൊക്കെ ചെയ്യുന്നുണ്ടായിരുന്നു. ആരായിരിക്കാം ആ വിചിത്ര ജീവി!

മണി മുഴങ്ങി. കല്ലേറ്റ കൂട്ടിലെ കടന്നലുകളേപ്പോലെ കുട്ടികൾ നാലുപാടും ചിതറിയോടി. പ്ലാവിൻ ചുവട് ശൂന്യമായി. അവർ പൊതിഞ്ഞുനിന്ന വിചിത്രജീവി എവിടെ? പരിസരത്തെങ്ങും അദ്ദേഹത്തെ കണ്ടില്ല. ഭൂമി പിളർന്ന് അന്തർദ്ധാ നം ചെയ്തോ? ഞാൻ ഓഫീസി നെ ലക്ഷ്യമാക്കി നടന്നു.

ഹെഡ്മാസ്റ്ററുടെ കയ്യിൽ നിയമന ഉത്തരവു കൊടുത്തു. അദ്ദേഹം തന്നെ സ്റ്റാഫ് അറ്റൻഡന്റ്സ് രജിസ്റ്ററിൽ പേരെഴുതി. അതെന്റെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു. ഒപ്പിട്ടോളൂ.

ജീവിതത്തിന് തുടക്കം കുറിക്കുന്ന ശുഭമുഹൂർത്തം. ഒരു നിമിഷം കണ്ണുകളടഞ്ഞു. ഇഷ്ടദേവതയെ ധ്യാനിച്ചു. വിഘ്നങ്ങൾ ഉണ്ടാവരുതേ എന്ന് വിഘ്നേശ്വരനോട് പ്രാർത്ഥിച്ചു. കണ്ണുതുറന്നു. മുമ്പിലിരുന്ന രജിസ്റ്റർ കണ്ടില്ല. മുഖം വാടി, ഈശ്വരാ, തുടക്കം തന്നെ പാളിയോ? പ്രാർത്ഥന ദൈവം കേട്ടില്ലേ? ശൂ..... ശൂ.... എന്നൊരു ശബ്ദം കേട്ടു. തിരിഞ്ഞുനോക്കി. ബുക്കും നീട്ടി, വിഡ്ഢിച്ചിരിയും ചിരിച്ചു നിൽക്കുന്നു, വിചിത്ര ജീവി ശകുനം മുടക്കി. അസഹിഷ്ണുതയോടെ ആ മുഖത്തേക്കു നോക്കി; നിർവികാരം, ശുദ്ധശൂന്യം. നിഷ്കളങ്കം എന്ന് അതിനെ വിശേഷിപ്പിക്കാമോ? അറിയില്ല. ഹെഡ്മാസ്റ്റർ പരിചയപ്പെടുത്തി.

ഇത് നീലാണ്ടപ്പിള്ള സാറ്, യു.പി.എസ്.എ. അപ്പോഴും സാർ ചിരിച്ചു. ആ ചിരി. ഏതു വിഭാഗത്തിൽ പെടുമെന്ന് മനസ്സിലായില്ല.

ഒരസാധാരണത്വം നീലാണ്ടപ്പിള്ളയിൽ നിറഞ്ഞുനിന്നു. ആരോടും അങ്ങോട്ടുകയറി സംസാരിക്കില്ല. ആരെങ്കിലും എന്തെങ്കിലും

ചോദിച്ചാൽ ചിലപ്പോൾ മറുപടി പറയും; ഒരു വാക്ക്, കൂടിയാൽ ഒരു വാചകം.

മിക്കവാറും ഒരു നോട്ടത്തിലോ ആംഗ്യത്തിലോ ഒതുക്കും. പരീഹാസപ്പേരില്ലാത്ത അദ്ധ്യാപകർ ചുരുക്കമാണ്. പിള്ളസ്സാറിനും കുട്ടികളൊരു പേരിട്ടു: പോമാ. ഇങ്ങനെയുള്ള പേരുകൾ കണ്ടുപിടിക്കുന്നവരുടെ ഭാവനാവിലാസം അപാരം, ശ്ലാഘനീയം.

പോമായുടെ പിന്നാമ്പുറ രഹസ്യം അറിയുവാൻ ആകാംക്ഷയുണ്ടായി. പ്യൂണിനോടു ചോദിച്ചു. അയാൾ പറഞ്ഞു. 'പുളുന്താ'നോടു ചോദിക്കാൻ. പോമായുടെ ക്ലാസ്സിലെ പരമേശ്വരനാണ് പുളുന്താൻ. പുളു അടിക്കുന്ന സ്വഭാവക്കാരനായതിനാൽ സാർ തന്നെ കൊടുത്ത പേരാണത്. അവൻ സാറിന്റെ ശിഷ്യനാണോ, സുഹൃത്താണോ, മനസ്സാക്ഷി സൂക്ഷിപ്പുകാരനാണോ എന്നു നിശ്ചയമില്ല. വിശദീകരിക്കാനാവാത്ത ഒരപൂർവ്വ ബന്ധമായിരുന്നു അവർ തമ്മിൽ ഉണ്ടായിരുന്നത്. ചിലപ്പോൾ രണ്ടു പേരും തമ്മിലുള്ള സംസാരം കേട്ടാൽ ഗുരുവാര്, ശിഷ്യനാര് എന്നു സംശയിച്ചുപോവും. മുഖത്തു നോക്കി പോമാ എന്നു വിളിക്കുവാനുള്ള അവകാശം പോമാ അവനു മാത്രം കൊടുത്തിരുന്നു.

പ്രായക്കൂടുതൽ തോന്നിയതുകൊണ്ട് നാട്ടുകാർ അദ്ദേഹത്തെ മാമൻ എന്നു വിളിച്ചു. പുട്ടും കടലയും ആയിരുന്നു സാറിന്റെ ഇഷ്ട ഭോജ്യം. ഏതു ഹോട്ടലിൽ ചെന്നാലും പുട്ടും കടലയും ഉണ്ടോ എന്നു ചോദിക്കും. ഈ പുട്ടു-കടല പ്രേമം അദ്ദേഹത്തെ പുട്ടു-കടല മാമനാക്കി. അത് പു-ക-മാ ആയി. വീണ്ടും ലോപിച്ച് പോമാ എന്നു ചുരുങ്ങി.

സിനിമ പോമായുടെ ദൗർബ്ബല്യമായിരുന്നു. എം.ജി.ആർ., പ്രേംനസീർ എന്നിവർക്ക് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന സ്ഥാനം ദൈവത്തിനുപോലും ഇല്ലായിരുന്നു. അവരഭിനയിച്ച പടം എത്ര കണ്ടാലും മതിവരുമായിരുന്നില്ല. പ്രേംനസീർ അഭിനയിച്ച സി.ഐ.ഡി. എന്ന ചിത്രം റിലീസായ അന്നുമുതൽ ദിവസവും രണ്ടു ഷോയും അദ്ദേഹം കണ്ടു. മൂന്നാം ദിവസം രണ്ടാമത്തെ ഷോയ്ക്കു ടിക്കറ്റെടുക്കുവാൻ ക്യൂവിൽ നിന്ന സാറിനോട് മാനേജർ പറഞ്ഞു. ഇന്നുമുതൽ സെക്കന്റ് ഷോയ്ക്ക് സാർ ടിക്കറ്റെടുക്കണ്ട.

പഠിപ്പിക്കുമ്പോൾ ക്ലാസ്സിലിരുന്നു കുട്ടികൾ വർത്തമാനം പറയുന്നത് പോമാ ക്ഷമിക്കുമായിരുന്നില്ല. ഒരിക്കൽ പുളുന്താനെപിടികൂടി. എന്താടാ അവിടെ? നസീറിന്റെ സി.ഐ.ഡി. കണ്ടകാര്യം പറയുവാരുന്നു സാർ. ഞാനും കണ്ടട, ജോർ, ജോർ. മറ്റുകുട്ടികൾ ഏറ്റുപിടിച്ചു. ക്ലാസ്സ് തീയേറ്ററായി.

തുലാവർഷം തിമർത്തു പെയ്യുന്ന ഒരു ദിവസം പോമാ വല്ലാതെ അസ്വസ്ഥനായിരുന്നു. കൂടെക്കൂടെ നെഞ്ചു തിരുമ്മി. എന്തുപറ്റിയെന്നു ചോദിച്ചവരോടൊക്കെ ഒന്നുമില്ലെന്നു കണ്ണിറുക്കി കാണിച്ചു. രണ്ടു ബെഞ്ചു ചേർത്തിട്ടു സ്റ്റാഫ് റൂമിന്റെ മൂലയിൽ കിടന്നു. ഉച്ചയൂണിനു ബെല്ലടിച്ചു. സഹപ്രവർത്തകർ അടുത്തുകൂടി, കാപ്പി വേണോ, ചായ വേണോ, ബ്രെഡ് വേണോ എന്നിങ്ങനെചോദിച്ചതിനെല്ലാം വേണ്ട എന്ന് ആംഗ്യഭാഷയിൽ മറുപടി കൊടുത്തു.

ഉച്ചയ്ക്കുശേഷം ആദ്യ പീരിയഡ് കഴിഞ്ഞ് അദ്ധ്യാപകർ സ്റ്റാഫ് റൂമിൽ വന്നപ്പോൾ പോമാ കിടന്ന ബഞ്ച് ശൂന്യം. എവിടെപ്പോയി? എന്തുപറ്റി? ആർക്കുമറിയില്ല. പുളുന്താൻ വിവരമറിഞ്ഞു. അവൻ ശരവേഗത്തിൽ പുറത്തേക്കോടി. അതേ വേഗത്തിൽ തിരിച്ചുവന്നു പറഞ്ഞു.

പേടിക്കേണ്ട, സാർ മാറ്റിനി കാണാൻ തീയേറ്ററിലുണ്ട്.

അപ്പോഴാണ് അന്നു വെള്ളിയാഴ്ചയാണെന്ന വിവരം സഹപ്രവർത്തകർ ഓർത്തത്. അന്നാണ് പടം മാറുന്നത്. എം. ജി. ആറിന്റെ നാടോടിമന്നൻ തുടങ്ങിയ ദിവസം.

എല്ലാ ഷോയും കഴിഞ്ഞു. മഴയും ഇടിയും നിലച്ചിരുന്നില്ല. തീയേറ്റർ അടയ്ക്കുവാൻ ചെന്ന ജോലിക്കാരൻ അകത്താരോ കിടക്കുന്നതുകണ്ടു. സാധാരണ സംഭവം. അവരെ ഉണർത്തി പറഞ്ഞയച്ചിട്ടുവേണം തീയേറ്റർ അടയ്ക്കുവാൻ. വിളിച്ചു, വിളികേട്ടില്ല. കുലുക്കി, അനങ്ങിയില്ല. കമഴ്ന്നുകിടന്ന ആളെ നേരെ കിടത്തി. പോമായിരുന്ന അത്. എം.ജി.ആറും, നസീറും, പുളുന്താനുമില്ലാത്ത അജ്ഞാതലോകത്തിൽ അദ്ദേഹത്തിന്റെ ആത്മാവെത്തിയിരുന്നു.

തുലാവർഷത്തിന്റെ മൂർദ്ധന്യതയിലും തെളിഞ്ഞ പകൽ, ആരോടും പരിഭവം ഇല്ലാതെ, പരാതിയില്ലാതെ മൗനത്തിലൂടെ മനസ്സുകളെ കീഴടക്കിയ ഒരു നിഷ്ക്കളങ്കനോടുള്ള ആദരസൂചകമായി ഇളവെയിൽ പരന്നു. അന്നാ നാട്ടിൽ ഹർത്താലായിരുന്നു. ആരും ആഹ്വാനം ചെയ്തില്ല, ഭീഷണിപ്പെടുത്തിയുമില്ല. ജനഹൃദയങ്ങളിൽ ഇടംപിടിച്ച ഒരു സഹജീവിയുടെ വിയോഗത്തിലുള്ള വേദനയായിരുന്നു അതിനുള്ള പ്രേരണ.

പോമായുടെ ചേതനയറ്റ ശരീരം സ്കൂളിന്റെ വരാന്തയിൽ പൊതുദർശനത്തിനു വച്ചു. ശിഷ്യഗണങ്ങളും സഹപ്രവർത്തകരും കറുത്ത ബാഡ്ജ് ധരിച്ചു. ആരുമൊന്നും മിണ്ടിയില്ല. അതിനവർക്കാവില്ലായിരുന്നു. ബന്ധവും സ്വന്തവും അവകാശപ്പെട്ട് ആരും വന്നില്ല. അതുകൊണ്ട് സംസ്കാരം പൊതു ശ്മശാനത്തിൽ എന്നു തീരുമാനിച്ചു. അപ്പോഴാണ് മറ്റൊരു പ്രശ്നമുണ്ടായത്. 'അന്ത്യേഷ്ടി' (പിതൃകർമ്മം) ചെയ്തില്ലെങ്കിൽ ആത്മാവിന് ശാന്തി കിട്ടില്ല. ആരു ചെയ്യും? ഹെഡ്മാസ്റ്റർ പറഞ്ഞു.

പരമേശ്വരനാണ് അതിന് സർവഥാ യോഗ്യൻ. എല്ലാവരും അംഗീകരിച്ചു. അവനെവിളിക്കുവാൻ കൂട്ടുകാർ ഓടി. അമ്മ പറഞ്ഞു.

അവനാ മുറീലൊണ്ടു മക്കളേ, സാറു മരിച്ചെന്നറിഞ്ഞശേഷം ജല

തിരുവചനവിചാരം

സ്വയം കണ്ടെത്തൽ മനുഷ്യനെ സ്വതന്ത്രനാക്കുന്നു

വേദഭാഗം : ഉത്പത്തി 29:11 മുതൽ 30: 24 വരെ

ഡോ. തോമസ് അത്താനാസ്യോസ്

ലേയയുടെ നാലാമത്തെ പ്രസവം അവളുടെ ജീവിതത്തിൽ ഒരു സമൂലവ്യതിയാനം വരുത്തി. ഇത്തവണ അവളിൽനിന്ന് ഉണ്ടായ പ്രതികരണം വ്യത്യസ്തമായിരുന്നു. അവൾ പറയുന്നു. "ഇപ്രാവശ്യം ഞാൻ കർത്താവിനെ സ്തുതിക്കും." അതനുസരിച്ച് ശിശുവിന് യ്ഹൂദാ എന്ന് പേർ വിളിച്ചു. (ഉല്പത്തി 29:35) യഹൂദായായുടെ ജനനത്തിനുശേഷം ലേയയുടെ കാഴ്ചപ്പാട് മാറുകയാണ്. ഭർത്താവിന്റെയോ മറ്റാരുടെയുമൊ തന്നോടുള്ള സമീപനത്തിൽ മാറ്റം വന്നിട്ടില്ല എന്ന് അവൾക്കു ബോ ധ്യമായി. ദുഃഖങ്ങളുടെ നടുവിൽ തനിക്ക് ആശ്വാസം നൽകിയത് ദൈവമാണെന്ന് അവൾ തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് അവളെ സ്വതന്ത്രയാക്കുന്നു. താൻ ജീവിക്കുന്നത് മറ്റാരെയെങ്കിലും തൃപ്തിപ്പെടുത്താനൊ മറ്റാരുടെയെങ്കിലും സ്നേഹം നേടിയെടുക്കാനോ അല്ല. സ്വയം കണ്ടെത്തി ദൈവീകഇടപെടലുകളെ തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുവാൻ വേണ്ടിയാണ് എന്ന് ലേയ മനസ്സിലാക്കുന്നു. അതോടെ അവളുടെ വ്യഥയും അപകർഷതാബോധവും മാറുന്നു. അവൾ പറയുന്നു," ഇപ്രാവശ്യം ഞാൻ എന്റെ ദൈവത്തെ പുകഴ്ത്തും." അവളുടെ അത്മനിന്ദ മാറി, വിടുതൽ നേടി എന്നാണ് ഈ പ്രതികരണം വ്യക്തമാക്കുന്നത്. അതുകൊണ്ട് യഹോവയ്ക്ക് സ്തോത്രം' എന്നർത്ഥമുള്ള 'യ്ഹൂദാ' എന്ന പേർ കുട്ടിക്കു നൽകുകയും ചെയ്തു. ഇങ്ങനെസ്വയം കണ്ടെത്താനും അതിന് ഇടവരുത്തിയ ദൈവത്തെ സ്തുതിക്കുവാനും തക്കവിധം നാലാം പ്രസവം ലേയയുടെ ജീവിതത്തിലെ വഴിത്തിരിവായിത്തീർന്നു.

ഇത്തരം തിരിച്ചറിവ് ഏതു മനുഷ്യന്റെയും കാഴ്ചപ്പാടിനെയും മാറ്റിമറിക്കും. സ്വന്തം ജീവിതത്തിലെ കുറവുകളും മറ്റുള്ളവരുടെ മനോഭാവവും അവമൂലം സ്വന്തം ജീവിതത്തിൽ സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്ന വ്യഥകളും അപകർഷതാബോധവും ജീവിതത്തെ നിയന്ത്രി

പാനം കഴിച്ചിട്ടില്ല. ജീവനില്ലാത്ത സാറിനെകാണണ്ടെന്നു പറഞ്ഞിരിക്കുവാ. നിങ്ങൾ വിളിച്ചുനോക്ക്.

വിളിക്കേണ്ടി വന്നില്ല. അവനിറങ്ങി വന്നു. ഇണയെ വേർപെട്ട പക്ഷിയുടെ ദുഃഖം. പിതാവിനെ നഷ്ടപ്പെട്ട സദ്പുത്രന്റെ ദുഃഖം ആ മുഖത്തു തളം കെട്ടി നിന്നു. കുളിമുറിയിൽ കയറി, കുളിച്ചീറനുടുത്തു വന്നു. ഒന്നും മിണ്ടാതെ കൂട്ടുകാരോടൊത്തു നിന്നു.

കർമ്മി പറഞ്ഞു. തറ്റുടുത്ത്, ഇടതുകാൽ മുട്ടുമടക്കി, പിതൃവിന്റെ കാൽക്കലിരിക്കണം.

പിന്നെ പറഞ്ഞതെല്ലാം കൃത്യമായി ചെയ്തു. പെയ്യുവാൻ വെമ്പുന്ന തുലാവർഷ മേഘങ്ങൾ ആ മുഖത്ത് ഇരുണ്ടുകൂടി. ഒടുവിൽ കർമ്മി പറഞ്ഞു.

പിതൃവിന്റെ കാൽ തൊട്ടു നമസ്കരിച്ച് എഴുന്നേറ്റോളൂ.

അവൻ രണ്ടു കൈകളും ആ പാദങ്ങളിൽ വച്ചു. മഴമേഘങ്ങളൊന്നായി പൊട്ടിയൊഴുകി. ഗുരുപാദങ്ങളെ പ്രക്ഷാളനം ചെയ്തു. കൂടിനിന്നവരുടെ കണ്ണുകളും ഈറനണിഞ്ഞു.

ഒരു സമൂഹത്തിന്റെ ചുമലിൽ പോമായുടെ അന്ത്യയാത്ര ആരംഭിച്ചു. സ്കൂൾ മുറ്റം കടന്നപ്പോൾ, സാറിന്റെയും ശിഷ്യന്മാരുടേയും സ്ഥിരസല്ലാപവേദിയായിരുന്ന പ്ലാവിൻചുവട്ടിൽ ചാണകം കലക്കിവച്ചിരുന്ന പാത്രം ആരോ കാൽകൊണ്ട് തട്ടിമറിച്ചു. അതോടെ പോമായുടെ ലൗകിക ബന്ധങ്ങൾ പാടേ മുറിഞ്ഞു.

ശവം ചിതയിൽ വച്ചു. അരുമശിഷ്യൻ ചിതയ്ക്കു തീ കൊളുത്തി. അഗ്നിദേവൻ കർമ്മനിരതനായി. പുകച്ചുരുളുകൾ ആകാശത്തേക്കുയർന്നു. വെള്ളം നിറച്ച മൺകുടം തലയിൽവച്ച്, നീലാണ്ടപ്പിള്ളയ്ക്കു പിറക്കാത്ത പുത്രൻ, ചിതയെ പ്രദക്ഷിണം ചെയ്തു. ഓരോ പ്രദക്ഷിണവും പൂർത്തിയായപ്പോൾ പിറകേ വന്നയാൾ കത്തികൊണ്ട് കുടത്തിൽ മുട്ടി. കിണ്ടിവാലിൽ നിന്നെന്നപോലെ ജലം പ്രവഹിച്ചു. മൂന്നു പ്രദക്ഷിണത്തിനുശേഷം, മൂന്നു ജലധാരകളൊഴുകുന്ന കുടവുമായി അവൻ ചിതയുടെ കാൽക്കൽ പുറം തിരിഞ്ഞു നിന്നു. തലയ്ക്കു മുകളിലൂടെ കുടം പുറകോട്ടെറിഞ്ഞു. തലഭാഗത്ത് വീണ കുടവും വെള്ളവും ചിതറി. അങ്ങനെപോമാ ഓർമ്മയായി. കൂടി നിന്ന ഓരോ മനസ്സും മന്ത്രിച്ചു. പോമാ അമർ രഹേ.

ആരെന്ന വ്യക്തമായ അറിവുപോലുമില്ലാതിരുന്ന ഒരു സഹജീവിയുടെ ആത്മശാന്തിക്കു വേണ്ടതെല്ലാം വേണ്ടപോലെ ചെയ്ത്, ജീവിതത്തിന്റെ വിജനവീഥിയിലൂടെ അവൻ പ്രയാണമാരംഭിച്ചു. പോമായുടെ പുളുന്താൻ.

ജന്മമോ, കർമ്മമോ, ഏതാണ് സ്വന്തബന്ധങ്ങൾക്കു കാരണം?

●

ക്കുന്ന ഘടകങ്ങൾ ആകരുതെന്ന അവബോധത്തിൽ എത്തുമ്പോൾ ഒരു വ്യക്തി സ്വതന്ത്രനാവുകയാണ്. ഓരോ മനുഷ്യനും സ്വതന്ത്രമായ നിലനില്പും സാദ്ധ്യതകളും ഉണ്ട് എന്നും ദൈവത്തിന്റെ ഇടപെടലുകൾ ഏതു സാഹചര്യത്തിലും ഉണ്ടാകുന്നു എന്നും മനുഷ്യൻ മനസ്സിലാക്കുമ്പോൾ ഈ ജീവിത്തിന്റെ മനോഹാരിത തിരിച്ചറിയുകയും അതിന് ദൈവത്തോടാണ് നാം കടപ്പെട്ടിരിക്കുന്നത് എന്നുള്ള സത്യത്തിന്റെ അനുഭവത്തിലേയ്ക്ക് നാം എത്തിച്ചേരുകയുമാണ്. പിന്നെ സ്വന്തം ജീവിതത്തിലെ കുറവുകളെ പ്പറ്റിയുള്ള ആധിയില്ല. മറ്റുള്ളവരുടെ പെരുമാറ്റത്തെക്കുറിച്ചുള്ള പരാതിയില്ല. മറ്റാളുകളുടെതുമായി തന്റെ ജീവിതത്തെ താരതമ്യപ്പെടുത്തിയുള്ള വിലാപവും അതോടെ അവസാനിക്കുന്നു. കൈവന്ന ജീവിതത്തെ പ്രതി ദൈവത്തെ മഹത്വപ്പെടുത്തി ജീവിതത്തിന്റെ സാധ്യതകൾ തേടുവാനുള്ള അവസരം ലഭിക്കുകയാണിവിടെ. ദൈവം ഒരുക്കിത്തരുന്ന ജീവിതത്തിൽ ലേയ സംതൃപ്തിയും സന്തോഷവും അനുഭവിക്കാൻ തുടങ്ങുന്നു. ആ ജീവിതത്തിന്റെ പൊരുളും വ്യാപ്തിയും കണ്ടെത്തി ജീവിതത്തിൽ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിച്ച് അതിനെ ധന്യമാക്കാനാവും എന്നാണ് ലേയയുടെ പ്രതികരണത്തിലൂടെ വ്യക്തമാകുന്നത്.

സഹജമായ പരിമിതികളും കുറവുകളുമല്ല ഒരാളുടെ ജീവിതത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യേണ്ടത്. അവയുടെ സ്വാധീനം പോലും ഉണ്ടാകരുത്. ദൈവം തന്ന ജീവിതത്തിൽ സന്തോഷം കണ്ടെത്തുകയും പരിമിതികളോടുകൂടിയ നിലനില്പിൽ അർത്ഥം അന്വേഷിക്കുകയുമാണ് മനുഷ്യന്റെ വ്യക്തിത്വത്തെ സ്വതന്ത്രമാക്കുന്നത്. ഒരുപക്ഷെ ഈ പരിമിതികളെ ദൈവാശ്രയവും സ്വന്ത അദ്ധ്വാനവും വഴി അതിജീവിക്കുവാൻ ശ്രമിക്കുമ്പോൾ ജീവിതം കൂടുതൽ ആസ്വാദ്യകരമാകുന്നു എന്നും ലേയ മനസ്സിലാക്കുന്നു. അങ്ങനെ ജീവിതത്തെ അർത്ഥപൂർണ്ണവും സഫലവുമാക്കുന്നതിനുള്ള ശ്രമമാണ് അവൾ തുടർന്ന് നടത്തുന്നത്. ശാരീരിക, മാനസിക, സാമ്പത്തിക, സാമൂഹിക പരിമിതികളും വൈകല്യങ്ങളും ഉള്ള ധാരാളം പേർ അവയെ അതിജീവിച്ച് ജീവിതത്തെ വിജയപ്രദവും അർത്ഥവത്തും ആക്കി മറ്റുള്ളവർക്ക് വെല്ലുവിളിയുമാക്കുന്നവരുടെ മാതൃകകൾ നമുക്കു ചുറ്റും സമകാലീനസാഹചര്യത്തിൽ ധാരാളമായി കണ്ടെത്താനാവും. സാമ്പത്തിക പരാധീനത, സാമൂഹിക ബഹിഷ്കരണം, ശാരീരിക-ബൗദ്ധിക ദൗർബല്യം, രോഗപീഡ മുതലായവയെല്ലാം പ്രതിരോധിച്ച് അതിജീവിക്കുവാൻ സാധിക്കുമ്പോൾ പരാതിയും, ദുഃഖവും, തേങ്ങലും അസഹിഷ്ണുതയുമെല്ലാം നീങ്ങി മനസ്സ് പ്രശാന്തവും നിർഭയവും നിർമ്മലവുമായിത്തീരുന്നു. "ഇന്നു മുതൽ ഞാൻ ദൈവത്തെ സ്തുതിക്കും" എന്ന് ആഹ്ലാദപൂർവ്വം പ്രഖ്യാപിക്കുവാനാവും. ലേയ ഈ തിരിച്ചറിവിലേക്ക് എത്തുന്നതിന് കാലം കുറെ എടുത്തെന്നുമാത്രം. മറ്റുള്ളവരുടെ അവഗണനകളുടെയും, പരിഹാസങ്ങളുടെയും, വിവേചനത്തിന്റെയുമെല്ലാം നാളുകളിൽ ദൈവം തന്നോടൊപ്പം ഉണ്ടായിരുന്നെന്നും അവനാണ് ഈ തിരിച്ചറിവിലേയ്ക്ക് തന്നെ നയിച്ചതെന്നും മനസ്സിലാക്കിയപ്പോഴാണ് അവൾക്ക് ദൈവത്തെ സ്തുതിക്കാനാവുന്നത്. അതോടെ അവളുടെ ഐഹിക മോഹങ്ങൾ അടങ്ങുകയും പ്രസവം തല്ക്കാലത്തേയ്ക്ക് നിലയ്ക്കുകയും മനസ്സ് സന്തോഷഭരിതമാവുകയും ചെയ്തു.

എന്നാൽ സഹോദരിയുടെ ജീവിതദർശനത്തിലുണ്ടായ മാറ്റം അറിഞ്ഞതോടെ സുന്ദരിയും, ഭർത്താവിന്റെ ഇഷ്ടഭോജനവുമായിരുന്ന റാഹേൽ അസ്വസ്ഥചിത്തയായി. ഇത്രയും കാലം മക്കൾ ജനിച്ചിരുന്നില്ലെങ്കിലും ലാവണ്യവും, ഭർത്തൃസ്നേഹവും കുടുംബത്തിൽ പ്രത്യേക പരിഗണനകളും അധികാരങ്ങളുമെല്ലാം ഉണ്ടായിരുന്ന റാഹേലിന് അതുവരെ സന്തോഷക്കുറവ് ഉണ്ടായിരുന്നില്ല. തന്റെ സഹോദരിയുടെ സ്വകാര്യദുഃഖങ്ങളും, ഭർത്താവിന്റെ അവളോടുള്ള ഇഷ്ടക്കുറവും സ്ഥിരമായ ആവലാതികളും അവളുടെ സൗന്ദര്യക്കുറവുമെല്ലാം റാഹേലിന് ഒരുതരം സന്തോഷവും സംതൃപ്തിയുമാണ് നൽകിപ്പോന്നിരുന്നത്. എന്നാൽ യഹൂദായുടെ ജനനത്തോടെ ലേയയിൽ ഉണ്ടായ സ്വാതന്ത്ര്യബോധവും, ആഹ്ലാദവും റാഹേലിനെ അലോസരപ്പെടുത്താൻ തുടങ്ങിയെന്നു ചിന്തിക്കാവുന്നതാണ്. സ്വന്തം സഹോദരിയുടെ ആണെങ്കിലും ഉൽക്കർഷത്തിലുണ്ടായ അസൂയ ഇത്രയും കാലം ആ സഹോദരിയുടെ മനോവേദന നൽകിയ ക്രൂരമായ സന്തോഷം എന്നിവ ഇന്ന് റാഹേലിന് നഷ്ടമായി. ലേയയുടെ സന്തോഷം ആ അനുജത്തിക്ക് സ്വൈര്യക്കേടായി. തനിക്കും മക്കളെ കിട്ടണമെന്ന് റാഹേൽ ഭർത്താവായ യാക്കോബിനോട് ശഠിക്കാൻ തുടങ്ങി. ഇല്ലെങ്കിൽ ജീവനൊടുക്കുമെന്ന് ഭീഷണി മുഴക്കി. ഇതോടെ യാക്കോബ് അവളോടു കോപിക്കുകയാണ്. അനപത്യതയിൽ മനം മടുത്ത് അവൾ തന്റെ ദാസിയായ ബിൽഹായെ തനിക്കുവേണ്ടി മക്കളെ ജനിപ്പിക്കുവാൻ യാക്കോബിനു നൽകി. അവൾ രണ്ട് ആൺകുട്ടികളെ പ്രസവിച്ചു. അവരാണ് ദാനും നഫ്താലിയും. ഇവരുടെ ജനനത്തിൽ റാഹേലിന്റെ പ്രതികരണം ശ്രദ്ധേയമാണ്. "ഞാൻ എന്റെ സഹോദരിയുമായി മത്സരിച്ച് വിജയിച്ചിരിക്കുന്നു. മക്കളില്ലാതിരുന്നതിനാൽ തനിക്ക് ദാസിയിലൂടെയാണെങ്കിലും സന്താനലാഭമുണ്ടായ

തിന്റെ സന്തോഷമല്ല അവൾ ഇവിടെ പ്രകടമാക്കുന്നത്. മറിച്ച് ലേയയുടെ പുത്രസമ്പത്തിലുള്ള അസൂയയും അസഹിഷ്ണുതയുമാണ്. ഒരു കാര്യം ശരിയാണ്. വൈരൂപ്യം മൂലം സ്വന്തം ഭർത്താവ് ഉൾപ്പെടെ സകലരുടെയും പരിഹാസവും അവഗണനയും സഹിച്ച് കഴിഞ്ഞു കൂടിയിരുന്ന ലേയ ഇന്നിതാ സുന്ദരിയും ഭർത്താവിന്റെ ഇഷ്ടഭാര്യയുമായിരുന്ന റാഹേലിന്റെ അസൂയാപാത്രമായി കഴിഞ്ഞിരിക്കുന്നു. ലേയയ്ക്ക് അതൊരു ചെറിയ നേട്ടമല്ലല്ലോ.

എന്നാൽ ഇതോടെ ലേയയുടെ അസ്വസ്ഥതയും സങ്കടവും മാറിയെന്നു മാത്രമല്ല, അവളുടെ സഹോദരിയോടുള്ള മത്സരത്തിന് വേണ്ട ആത്മധൈര്യം പ്രാപിക്കുകയുമാണ്. അവളും തന്റെ ദാസിയായ സിൽഫയെ യാക്കോബിന് ഭാര്യയായി നൽകി രണ്ടുമക്കളെക്കൂടി തന്റെ ഭർത്താവിന് സമ്മാനിച്ചു. അവരാണ് യാദും ആശേറും. തന്റെ ക്ഷേമാശ്വര്യങ്ങൾ പൂർണ്ണമായി എന്നുകണ്ട ലേയ ദൈവകൃപയും നടത്തിപ്പും തിരിച്ചറിഞ്ഞു. സ്ത്രീകൾ അവളെ ഭാഗ്യവതി എന്ന് വാഴ്ത്തും എന്ന് ദൈവമുമ്പാകെ അവൾ സന്തോഷപൂർവ്വം അനുസ്മരിച്ചു. ഈ മാറ്റത്തിനു കാരണം അവൾ സൃഷ്ടിച്ചെടുത്ത സ്വത്വബോധവും ദൈവം അവളിൽ ചൊരിഞ്ഞ കൃപകളുമാണെന്ന് അവൾ തിരിച്ചറിഞ്ഞു. ഒരു വ്യക്തിയുടെ ഭാഗ്യാവസ്ഥയ്ക്ക് കാരണം അയാളുടെ സൗന്ദര്യവും അധികാരവും ബന്ധുബലവുമൊന്നുമല്ല; നേരെമറിച്ച് താൻ ആരെന്നും തനിക്കുവേണ്ടിയുള്ള ദൈവത്തിന്റെ കരുതലും അതുമൂലമുള്ള സാധ്യതകളും മനസ്സിലാക്കുന്നതാണ്.

ഈ കണ്ടെത്തൽ ലേയയിൽ കൂടുതൽ സ്വതന്ത്രബോധം ജനിപ്പിച്ചു. അവൾക്ക് യാക്കോബിനോടുണ്ടായിരുന്ന ആശ്രയബോധവും എങ്ങനെഅയാളുടെ പ്രീതി നേടണമെന്നുള്ള ആഗ്രഹവും കുറഞ്ഞു. അവർ തമ്മിലുള്ള ദാമ്പത്യബന്ധവും നിലച്ചു (ഉല്പ. 29:35). എന്നാൽ വീണ്ടും മക്കൾ ഉണ്ടാകുവാൻ തക്ക തന്ത്രങ്ങൾ ലേയ ആവിഷ്ക്കരിക്കുന്നു. അവൾ വിലപേശി രണ്ടുപുത്രന്മാരെയും ഒരു പുത്രിയെയും കൂടി യാക്കോബിൽ നിന്ന് നേടുന്നു. തള്ളപ്പെട്ടവൾ കാര്യസാധ്യത്തിനായി ഭർത്താവിനെ ഉപയോഗപ്പെടുത്തുവാൻ തക്കവിധം കൗശലവും കാര്യശേഷിയും നേടുന്നതിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. തിരസ്കൃതയായിരുന്ന അവൾക്ക് വന്ന മാറ്റം അത്ഭുതകരമാണ്. ഇന്നവൾക്ക് യാക്കോബിലുള്ള സ്വാധീനം വലുതാണ്. അയാൾ ഇന്നവളെ ആദരവോടെ കാണുന്നു. ഇതിനെല്ലാം ലേയ ദൈവത്തെ സ്തുതിക്കുന്നു. യിസ്രായേലിന്റെ രാജത്വവും പൗരോഹിത്യവും നിലനിർത്തിയത് ലേയയുടെ സന്താനപരമ്പരയാണ്. കർത്താവ് മനുഷ്യനായി പിറന്നതും ഈ മുതുമുത്തശ്ശിയുടെ വംശത്തിൽ തന്നെ. എന്നാൽ ഈ വസ്തുത തമസ്ക്കരിക്കപ്പെട്ടു എന്നു മാത്രം.

ലേയ ശക്തമായ ഒരു പ്രതീകവും ആവേശവുമാണ്. ദൗർബല്യങ്ങൾക്കു പിന്നിലെ ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതവിജയം നേടുന്നതിന്റെയും സന്തോഷം അനുഭവിക്കുന്നതിന്റെയും പ്രതീകം. ദുഃഖങ്ങൾക്കും വിഘ്നങ്ങൾക്കും നടുവിൽ അതിജീവനത്തിന്റെ സാധ്യത ബോധ്യപ്പെട്ട് ആത്മശക്തി പ്രാപിക്കുന്നതിന്റെ അടയാളം. കഷ്ടതകൾക്കിടയിൽ ദൈവം അവളെ വഴിനടത്തി. വൈകിയാണെങ്കിലും അവളുടെ വ്യക്തിത്വവും ദൈവത്തിന്റെ ഇടപെടലും അവൾ തിരിച്ചറിഞ്ഞു. ഇതവൾക്ക് സ്വത്വബോധം നൽകി സംതൃപ്തി പ്രദാനം ചെയ്തു. മത്സരശേഷി വച്ചുനീട്ടി. അതോടെ അവളുടെ ജീവിതം പരിവർത്തനപ്പെട്ടു. അവൾ ദുഃഖങ്ങളെ അതിജീവിക്കുന്നതിനുള്ള ഉത്തമ മാതൃകയായി മാറി.

ഡയോസിസൻ ബുക്ക് സെന്റർ

അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

വടകര, കൂത്താട്ടുകുളം

Ph: 9961636342, 9446450231

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.
മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.
ഞായർ വി. കുർബ്ബാന : 6.30 a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും
അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

(2-ാം പേജിൽ നിന്ന് തുടർച്ച)

വഹിക്കേണ്ടത് അവർ മാത്രമാണല്ലോ.

തൊഴിലടിസ്ഥാനത്തിൽ പരിശോധിച്ചാൽ കർഷകരാണ് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്ന വിഭാഗമെന്നു കാണാം. ഒരു കാർഷിക രാജ്യമായ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും അപമാനകരവും അപകടകരവുമാണ്. സമസ്ത ജനങ്ങൾക്കും വേണ്ട ഭക്ഷണം ഉല്പാദിപ്പിക്കുന്ന കർഷകർ ആത്മഹത്യ ചെയ്യേണ്ടിവരുന്ന ദുരവസ്ഥയ്ക്ക് അന്ത്യം വരുത്തുവാൻ ആത്മാർത്ഥവും ഗൗരവതരവുമായ ശ്രമങ്ങളൊന്നും ഒരു ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ചുംബന സമരം പോലെ അനാവശ്യ സമരങ്ങൾ ധാരാളം അരങ്ങേറുന്ന ഈ നാട്ടിൽ കർഷക രക്ഷയ്ക്കുവേണ്ടി അണിചേരാനാരുമില്ല. വിദ്യാർത്ഥികൾക്ക് അവരുടെ രക്ഷകർത്താക്കളുടെ ചെലവിൽ സമരം ചെയ്യാം. സർക്കാരിൽ നിന്ന് ശമ്പളം പറ്റുന്നവർക്ക് സർക്കാർ ചെലവിൽ സമരം ചെയ്യാം. സ്വന്തമായി ഉപജീവനം നേടേണ്ട കർഷകർക്ക് മണ്ണിനോട് പട്ടിണി സമരം നടത്താനല്ലാതെ തരമില്ലല്ലോ.

കർഷക ആത്മഹത്യകൾ അധികമായി നടക്കുന്നത് നാണ്യ വിള കർഷകർക്കിടയിലാണെന്ന് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. നാണ്യവിളകൾ അധികവും ദീർഘകാല കൃഷികളായതിനാൽ കൂടുതൽ മുതൽമുടക്ക് ആവശ്യമാണ്. വിളവ് ലഭിച്ചു തുടങ്ങാൻ കാലതാമസവുമുണ്ട്. ഈ കാരണങ്ങൾ കൊണ്ട് അത്തരം കർഷകർ കൂടുതൽ കടമെടുക്കാൻ സാദ്ധ്യതയുണ്ട്. അവരുടെ കൃഷി പരാജയപ്പെട്ടാൽ അവർ വലിയ കടക്കെണിയിലാകും. അതായിരിക്കണം അവരെ കൂടുതലായി ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നത്.

ബീഹാർ, പശ്ചിമബംഗാൾ, ഗോവ, ഹിമാചൽ പ്രദേശ്, മിസോറാം, നാഗാലാന്റ്, ഉത്തരാഖണ്ഡ്, ജമ്മു-കാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യ നടന്നിട്ടില്ലെന്നു N.C.R.B. റിപ്പോർട്ടിൽ കാണുന്നു. കേരളം കർഷക ആത്മഹത്യാവിഷയത്തിൽ ആദ്യത്തെ ആറു സംസ്ഥാനങ്ങളിൽ വരുന്നില്ല. ആത്മഹത്യാനിരക്കിൽ മുന്നിൽ നിൽക്കുന്ന കേരളം കർഷക ആത്മഹത്യയിൽ പിന്നിലാകാൻ കാരണം ഇവിടത്തെ കൃഷിക്കാർ കർഷകഗണത്തിൽ പെടാത്തതാകാം. അവർ ബഹുഭൂരിഭാഗവും ഉപജീവനത്തിന് മറ്റു മാർഗ്ഗമുള്ളവരാണ്. ഉദ്യോഗം, ബിസിനസ്, വിദേശത്ത് ജോലിയുള്ള മക്കൾ ഇതൊക്കെയുള്ളവരാണ് ഇവിടത്തെ കൃഷിക്കാർ. ചില സിനിമാനടന്മാരും ഈ രംഗത്തുണ്ട്. ഇവരൊക്കെ പൊങ്ങച്ചക്കൃഷിക്കാരാണ്. കൃഷി പിഴച്ചാലും അവർക്ക് ഒന്നും ഭയപ്പെടാനില്ല. ആത്മഹത്യയുടെ പ്രശ്നം ഉദിക്കുന്നേയില്ല. പിന്നെ നിവർത്തികേടുകൊണ്ട് വയറുപിഴപ്പിനുവേണ്ടി കൃഷി ചെയ്യുന്ന ചിലരും ഇല്ലാതില്ല. അവരിൽ ചിലർ ആത്മഹത്യ ചെയ്യുന്നുമുണ്ട്.

ദാരിദ്ര്യം, രോഗങ്ങൾ, പട്ടിണി, അജ്ഞത, അന്ധവിശ്വാസം, വർഗ്ഗീയത, ഭീകരപ്രവർത്തനം മുതലായ ദേശീയ പ്രശ്നങ്ങളോട് ആത്മാർത്ഥവും സുതാര്യവുമായ സമീപനമല്ല ഇവിടത്തെ സർക്കാരും രാഷ്ട്രീയ പാർട്ടികളും പൊതുവെ സ്വീകരിച്ചുകാണുന്നത്. അവർക്കെല്ലാം അവരുടെ നിലനില്പും വളർച്ചയുമാണ് മുഖ്യപരിഗണന. അതിനുചേർന്ന നയമേ മേൽപറഞ്ഞ ദേശീയ പ്രശ്നങ്ങളോട് അവർ പുലർത്താറുള്ളൂ. അതുകൊണ്ട് നീതിബോധവും, ആത്മാർത്ഥതയും ദേശീയ ബോധവും ദീനാനുകമ്പയുമുള്ള സർക്കാരിതര സാമൂഹ്യ സംഘടനകൾ, ജീവകാരുണ്യപ്രവർത്തകർ, സാംസ്കാരിക നായകന്മാർ, മൗലികവാദികളല്ലാത്ത മതനേതാക്കൾ തുടങ്ങിയവരെല്ലാം കർഷക ആത്മഹത്യപോലെയുള്ള പ്രശ്നങ്ങളിൽ ഇടപെടുകയും സർക്കാരിലും, രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്വാധീനവും പ്രേരണയും ചെലുത്തി പ്രശ്നപരിപാഹം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതുമാണ്. കർഷക ആത്മഹത്യ പ്രശ്നത്തിൽ സഭയുടെ ദൗത്യം വലുതാണ്. ഇടവകതലത്തിലാണ് ഇക്കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാവുന്നത്. കർഷകമേഖലകൾ ഉൾപ്പെടുന്ന ഇടവകകളിൽ കർഷകസമിതികൾ രൂപീകരിക്കണം. കാർഷികരംഗത്തെ സാധ്യതകൾ, പ്രശ്നങ്ങൾ, കടമെടുപ്പ്, കൃഷിയിറക്കൽ, സസ്യസംരക്ഷണം, വളപ്രയോഗം, കീടനിയന്ത്രണം വിളവെടുപ്പ്, വിപണനം മുതലായ കാര്യങ്ങൾ ഓരോ ഇടവകയിലേയും കർഷക സമിതികൾ ചേർന്ന് ചർച്ച ചെയ്യണം. ഇക്കാര്യങ്ങളിൽ ഒരു സഹകരണ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുവാൻ ഇടവക നേതൃത്വത്തിനു സാധിക്കണം. കർഷകത്തൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരികയും കൂലി കുതിച്ചുയരുകയും ചെയ്യുന്ന ഇക്കാലത്ത് നിലമൊരുക്കൽ, കളനീക്കൽ, വിളവെടുപ്പ് തുടങ്ങിയ കാര്യങ്ങൾ സമിതിയംഗങ്ങൾ സഹകരിച്ചു സ്വയം നിർവ്വഹിക്കാവുന്നതാണ്. അവശ്യഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തക്കവിധം പരസ്പര സഹായഫണ്ട് രൂപീകരിക്കാം. ടില്ലർ, ട്രാക്ടർ, കൊയ്ത്തെന്ത്രം, ട്രക്ക്, ലോറി മുതലായവ ഉള്ളവരെ സമിതിയിൽ പെടുത്തി അവരുടെ സേവനം ഉറപ്പാക്കാം. കർഷകർ പൊതുവെയും, ഒറ്റയ്ക്കും നേരിടുന്ന പ്രശ്നങ്ങൾ സമിതിയിൽ തുറന്ന് ചർച്ച ചെയ്തു പരിഹാരം കണ്ടെത്താം. ഇടവകയിലെ കർഷകർക്കിടയിൽ ഒറ്റപ്പെടലിന്റെയും ചൂഷണത്തിന്റെയും അന്തരീക്ഷം ഒഴിവാക്കി സഹകരണത്തിന്റെയും സഹവർ ത്തിത്വത്തിന്റെയും സാഹചര്യം സൃഷ്ടിച്ചെടുക്കാം. സഭയുടെ പ്രസിദ്ധീകരണങ്ങളും മറ്റു വാർത്താ മാധ്യമങ്ങളുമെല്ലാം കർഷകരുടെ പ്രശ്നങ്ങളും ദുരിതങ്ങളും ജനമധ്യത്തിൽ ഫലപ്രദമായി അവതരിപ്പിച്ച് അവർക്ക് അനുകൂലമായ പൊതുവികാരം സൃഷ്ടിക്കുവാൻ നിരന്തരം ശ്രമിക്കണം. ഇതെല്ലാം കർഷക ആത്മഹത്യ ഒഴിവാക്കുവാൻ സഭയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്.

Bible Glimpse

EXODUS

George Kaithavana

The purpose of Moses writing this book, his second work, is to record the events of Israel's deliverance from slavery in Egypt and its development as a nation.

For the oppressed, trapped or enslaved, leave, take off or get up sounds good. It is not easy to trade the comfortable security of the present for an uncertain, unknown future.

Four hundred and thirty years had passed since Joseph moved his family to Egypt. The descendants of Abraham, 70 in number, had now grown to over 2 millions. For Pharaoh, the Hebrew were foreigners and their numbers and wealth were frightening and it forced them into slavery so that they would not upset his balance of power: but it later proved to be the biggest mistake he ever made for, God then came to the rescue of His people. A series of events had taken place before a Hebrew boy named Moses became a Prince in Pharaoh's palace and then an outcast in the desert. For Moses, reaction was his favourite action. He was a curious man. He had to investigate and interfere in whatever happening around. Because of this nature, he had to run away leaving his royal life to live in the desert. Having spotted the fire and seen that the bush was intact he had to investigate. He became a stranger in a strange land, Midian and after many years he was ready to serve God and trust Him instead of fearing the king (Hebrew 11:27).

Now the time was ripe for God to fulfil His promise to Abraham (Gen.15:12-16)which said, "Know for certain, your descendants will be strangers in a land not of their own and they will be enslaved and mistreated for over 400 years. But I will punish the nation they serve as slaves and afterwards they will come out with great possessions".

In Midian, Moses married Zipporah, the daughter Jethro a priest and lived there for 40 years as a shepherd (Exo.2:23-25).The Israelites groaned in their slavery and cried out for help. God heard their groaning and remembered His covenant with Abraham, Isaac and Jacob and He was concerned about them. God commissioned Moses for the job of delivering his people out of slavery in Egypt.

After choosing Moses and Aaron, God worked a series of dramatic miracles in Egypt to convince Pharaoh to let His people go. But he resisted. After a chain of plagues totalling ten such as turning the waters of Egypt into blood, sending frogs all over the land and finally causing the death of the first born of all the people and the cattle(Ex.12:31-33)finally Pharaoh summoned Moses and Aaron and said "Upleave my people and go".

The central theme of bible- REDEMPTION- begins here (Ex.12:29&30)."At midnight the Lord struck down all the first born in Egypt from Pharaoh who sat on the throne to the first born of the prisoner who was in the dungeon". But the Israelite's children were spared because of the blood of the lamb had been placed on their doorframes. Redemption means 'buying back 'to save from captivity by paying a ransom equivalent or superior slave in exchange. That is the way God chose to buy us back, offering His Son in exchange for us.

Egyptians urged the people to hurry and leave, After 430 years in Egypt a total of 2 Million people and many others, may be Egyptians who were drawn to Hebrews by God's mighty works, decided to leave with them (Ex.12:38).Instead of guiding them along the direct route to the Promised Land, God took them by a longer route from Ramses to south Succoth. avoiding fighting with Philistines by providing pillars of cloud and fire so that they would know way day and night. God was with them.

The pillars of fire and cloud were examples of THEOPHANY: God appearing in physical form reassuming his presence, guiding them, protecting them from enemies, controlling their movements and above all burning the zeal that Israel had for their God. Now Pharaoh changed his mind and his army was sweeping in for the kill. Trapped in between the sea and the mountains, the people started complaining to Moses and Moses crying to God. Lord said, "Moses,

പ്രതികരണം

ഏവൻഗേലിയോൻ വായനപ്പടി-2016

(തുടർച്ച)

വായനാഭാഗം: വി. ലൂക്കോസ് 9:18-25

ഫാ. ഷിബു കുര്യൻ

കൂദശ് ഈത്തോ ഞായറാഴ്ചയുടെ സമാന്തരവായനയാണ് ഹൂദസ് ഈത്തോയുടെ സന്ധ്യയുടെ ഏവൻഗേലിയോൻ.

ഈ ഏവൻഗേലിയോൻഭാഗം ആരംഭിക്കുന്നത് 'അനന്തരം' എന്ന പദംകൊണ്ടാണ്. ഓരോ വായനയും ഓരോ ഏകകം (unit) ആകയാൽ ഏകകസ്വഭാവം നിലനിർത്തുവാൻ മുമ്പു സൂചിപ്പിച്ചതുപോലെ 'അനന്തരം' എന്ന സന്ധിശബ്ദം ഒഴിവാക്കേണ്ടതാണ്. മാത്രമല്ല മൂല്യത്തിൽ ഈ വാദം ഇല്ലതാനും.

'അപ്പോൾ സംഭവിച്ചതെന്താന്നാൽ' 'ശിഷ്യന്മാർ കൂടെ ഉണ്ടായിരുന്ന സമയം അവൻ (യേശു) തനിയെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു' എന്നതാണ് തുടർന്നു ഈ വാക്യത്തിന്റെ ശരിയായ തജ്ജമ എന്നാൽ 'അവൻ തനിച്ച് പ്രാർത്ഥിച്ചിരിക്കുകയായിരുന്നു. ശിഷ്യന്മാരും അവനോടുകൂടെ ഉണ്ടായിരുന്നു' എന്നിങ്ങനെ ഈ വാക്യത്തെ രണ്ടായി വിഭജിച്ചാണ് വായനപ്പടിയിൽ നല്കിയിരിക്കുന്നത്. ഈ വിഭജനത്തോടെ വാക്യത്തിന്റെ വ്യക്തതയും അർത്ഥപൂർണ്ണതയും ചോർന്നുപോയിരിക്കുന്നു. ശിഷ്യഗണത്തിന്റെ സാന്നിധ്യത്തിലാണ് യേശുവിന്റെ പ്രാർത്ഥന നടന്നതെന്നും, അവരുടെ സാന്നിധ്യത്തിലും അവർ പങ്കുചേരാതെ മാറിനിൽക്കുകയായിരുന്നു എന്നുമുള്ള സൂചനയാണിവിടെ.

'എന്നെക്കുറിച്ച് ഞാൻ ആരെന്നാകുന്നു ജനങ്ങൾ പറയുന്നത്?' വായനപ്പടിയിൽ യേശുവിന്റെ ചോദ്യം (വാക്യം 18) 'എന്നേക്കുറിച്ച്' എന്ന പ്രയോഗം മൂലത്തിലില്ല. മാത്രമല്ല, 'ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?' എന്നു ചോദിച്ചാൽ ചോദ്യം പൂർണ്ണമാണ്. 'എന്നെക്കുറിച്ച്' എന്നതിന്റെ ആവശ്യമില്ല. അനാവശ്യമായ ഈ കൂട്ടിച്ചേർക്കൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ഭാഷ വികലമാക്കുകയും മാത്രം ചെയ്യുന്നു.

ആ ചോദ്യത്തിന് ശിഷ്യന്മാർ പറഞ്ഞ മറുപടിയുടെ ആദ്യഭാഗം വായനപ്പടിയിൽ ഇങ്ങനെ: 'ചിലർ യോഹന്നാൻ എന്നും.' ഇവിടെ 'ചിലർ എന്നും' എന്ന് മൂലത്തിലില്ല. 'യോഹന്നാൻ' എന്ന ഒറ്റ വാക്കിൽ യേശുവിന്റെ ചോദ്യത്തിനുള്ള ഉത്തരം പൂർണ്ണമാണ്. ജനങ്ങൾ പൊതുവേ യോഹന്നാൻ തന്നെയാണ് യേശു എന്നാണ് പറഞ്ഞിരുന്നത്. അതുകൊണ്ട് ശിഷ്യന്മാർ 'യോഹന്നാൻ' എന്നു മാത്രമാണ് ആദ്യ മറുപടിയിൽ പറഞ്ഞത്. ചുരുക്കം ചിലർ ഏലിയ എന്നും വേറെചിലർ 'പൂർവ്വപ്രവാചകരിൽ ഒരുവൻ' എന്നും പറയുന്ന കാര്യം ശിഷ്യന്മാർ തുടർന്നു സൂചിപ്പിക്കുന്നു എന്നു മാത്രം. എന്നാൽ വായനപ്പടിയിൽ മൂന്നു പ്രാവശ്യം 'ചിലർ' പ്രയോഗിച്ചപ്പോൾ യേശുവിനെ യോഹന്നാനായും ഏലിയാ

---

why are you crying out to me? Stretch your hands over the sea and tell the people to move on."

There was no way of escape. But the Lord opened up a dry pathway through the sea for His people to cross it. After having been delivered from a great danger, they sang with joy, the Song of Moses and Miriam, his sister, "I will sing to the Lord ….." This song of Moses is the oldest recorded song in the world, a festive epic poem celebrating God's victory. God miraculously supplied food and water in the desert and finally brought them to the fort of Mount Sinai where Lord gave them his Holy Laws.

When Israelites reached Rephidim the Amalekites attacked them. These men were descendants of Amalek, the grandson of Esau, the brother of Jacob. They were fierce nomadic tribe lived in the desert region of the Dead Sea. They made their livelihood by frequent raids and killed people for pleasure. It was an insult for the Israelite Culture to call someone ' a friend of Amalek.' This hostile group was moving in on the wrong group, a people led by God. For Israelite slaves, to defeat such a war- bent nation was a more than enough proof that God was with them.

Here we meet Joshua for the first time who later became the great leader to take God's people to the Promised Land. He was gaining valuable experience for greater battles to come. Joshua was asked by Moses to choose some men to fight the hostile people.

(To be continued…)

യായും, പൂർവ്വ പ്രവാചകരുമായി കരുതിയവരുടെ എണ്ണം ഏകദേശം തുല്യമായിരുന്നെന്ന തോന്നൽ ജനിപ്പിക്കുന്നു. അതു ശരിയല്ല. ജനങ്ങൾ എല്ലാം തന്നെ യോഹന്നാൻ' എന്നാണ് യേശുവിനെ കരുതിയത്. ഇക്കാര്യം വ്യക്തമാക്കുന്നതിനാണ് ശിഷ്യന്മാരുടെ ഉത്തരത്തിൽ ആദ്യഭാഗത്ത് 'ചിലർ' ചേർക്കാതിരുന്നത്. പല വേദപുസ്തകതർജ്ജമകളിലും ഈ തെറ്റ് വന്നിട്ടുണ്ട് എന്നത് ശരിയാണ്. എങ്കിലും അത് പിശകിന് ന്യായീകരണമാകില്ലല്ലോ!

യേശുവിന്റെ രണ്ടാമത്തെ ചോദ്യം: ഞാൻ ആരാണെന്നാണ് നിങ്ങൾ (ശിഷ്യന്മാർ) പറയുന്നത്?വായനപ്പടിയിൽ ആവശ്യമില്ലാത്ത ഒരു തലതിരിവു വരുത്തിയിട്ടുണ്ട്. 'നിങ്ങൾ'ക്ക് ഊന്നൽ നല്കാനാണെന്ന് ന്യായം പറയാമെങ്കിലും ചോദ്യത്തിന് അല്പം അഭംഗി അതുമൂലം സംഭവിച്ചിട്ടുണ്ട്. ഈ ചോദ്യത്തിന് ഉത്തരം നൽകിയത് ശെമവൂൻ ആണെന്നാണ് വായനപ്പടിയിലുള്ളത്. എന്നാൽ മൂലത്തിൽ പത്രോസ്/കേപ്പ എന്നാണ് ഉള്ളത്. ആൾ ഒന്നുതന്നെയെങ്കിലും വെറുതെ പേരിൽ ഒരു മാറ്റം വേണ്ടിയിരുന്നില്ല.

പത്രോസിന്റെ മറുപടിയെ തുടർന്ന് അതു പ്രസിദ്ധപ്പെടുത്താതിരിക്കാൻ യേശു തന്റെ ശിഷ്യന്മാരെ വിലക്കുന്നുണ്ട്. "എന്നാൽ ഇത് ആരോടും പറയരുത് എന്ന് അവരെ 'ചട്ടംകെട്ടി' എന്നാണ് വായനപ്പടിയിലെ തർജ്ജമ 'ചട്ടം കെട്ടി' എന്നതു ഇവിടെ തീരെ ദുർബലമായ ഒരു പ്രയോഗമാണ്. 'ചട്ടം കെട്ടി' എന്നാൽ നല്ലഭാഷാ പ്രയോഗമല്ല; അർത്ഥം 'ഏർപ്പാടാക്കി' എന്നുമുള്ളതുമാണ്. മൂലത്തിൽ 'കർശനമായി നിരോധിച്ചു' എന്നർത്ഥം വരുന്ന പ്രയോഗമാണുള്ളത്. സന്ദർഭത്തിനൊത്ത ശക്തമായ ഭാഷ തർജ്ജമയിൽ വന്നിട്ടില്ല എന്ന ദോഷം ഇവിടെയുണ്ട്. 'കർശനമായി നിരോധിച്ചു/വിലക്കി' എന്നു തിരുത്തേണ്ടതാണ്. 22-ാം വാക്യത്തിൽ വായനപ്പടിയിലുള്ള 'പിന്നെയും' എന്നതിനു പകരം 'തുടർന്ന്' എന്ന പ്രയോഗിക്കുന്നതാണ് ഉത്തമം.

വായനപ്പടിയിലെ 22-ാം വാക്യം "മനുഷ്യപുത്രൻ വളരെ കഷ്ടത അനുഭവിപ്പാനും കാശീശന്മാരാലും പ്രധാനാചാര്യന്മാരാലും ശാസ്ത്രിമാരാലും തിരസ്കരിക്കപ്പെടുവാനും അവരാൽതന്നെ വധിക്കപ്പെടുവാനും ഒരുങ്ങിയിരിക്കുന്നു' എന്നാണ്.

ഇതിന്റെ മൂലം പരിശോധിച്ചാൽ 'ഒരുങ്ങിയിരിക്കുന്നു' എന്ന പൂർണ്ണക്രിയ അതിൽ ഇല്ലെന്നുകാണാം. തത്സ്ഥാനത്ത് ആകുന്നു/ ഉണ്ട് എന്നാനുള്ളത്. മറ്റു ചില തിരുത്തലുകളും ഈ വാക്യത്തിൽ ആവശ്യമാണ്. 'കാശീശന്മാരാലും' എന്നതിനു പകരം 'മൂപ്പന്മാരാലും' എന്നും പ്രധാനാചാര്യന്മാരാലും എന്നതിനുപകരം പുരോഹിതപ്രമുഖന്മാരാലും 'ശാസ്ത്രിമാരാലും' എന്നതിനുപകരം വേദശാസ്ത്രിമാരാലും/നിയമജ്ഞന്മാരാലും എന്നും മാറ്റേണ്ടതുണ്ട്. തിരസ്കരിക്കപ്പെട്ടതല്ല, ഏല്പിക്കപ്പെടുക എന്ന അർത്ഥമാണ് മൂലപദത്തിന് ഉള്ളത്. അവരാൽ വധിക്കപ്പെടുവാൻ എന്നതിൽ 'അവരാൽ' എന്ന വാക്കില്ല. 'പുനരുത്ഥാനം ചെയ്യുവാനും' എന്നതിനു പകരം കർമ്മണി പ്രയോഗമായി ഉയിർപ്പിക്കപ്പെടുവാനും എന്നു വേണം. അങ്ങനെ 23-ാം വാക്യം "മനുഷ്യപുത്രൻ വളരെ കഷ്ടത അനുഭവിക്കേണ്ടതും മൂപ്പന്മാരാലും പുരോഹിത പ്രമുഖന്മാരാലും വേദശാസ്ത്രിമാരാലും ഏല്പിക്കപ്പെടേണ്ടതും വധിക്കപ്പെടേണ്ടതും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടേണ്ടതുമാകുന്നു." എന്ന് ഭാഷാന്തരം ചെയ്യേണ്ടതുണ്ട്.

അടുത്ത വാക്യത്തിൽ (23) എല്ലാവരുടെയും മുമ്പാകെ എന്നതിന്റെ സ്ഥാനത്ത് 'എല്ലാവരോടുമായി' എന്ന് ഉപയോഗിക്കുന്നതാണ് നല്ലത്. 'എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ' എന്നല്ല 'എന്നെ ആരെങ്കിലും അനുഗമിക്കുന്നു എങ്കിൽ' എന്നാണ് വേണ്ടത്. അനുഗമിക്കുന്ന പ്രവൃത്തിക്കാണ് യേശു ഉപാധി വയ്ക്കുന്നത് വ്യക്തിക്കല്ല. അതായത് അനുഗമിക്കുന്നതിനുള്ള ഉപാധിയാണ് വ്യക്തമാക്കുന്നത്. 'തന്റെ ജീവനെ ത്യജിച്ച്' എന്ന തർജ്ജമ ശരിയല്ല 'സ്വയം നിഷേധിച്ച്' എന്നതാണ് ശരി. ജീവനെ മാത്രമല്ല. ജീവിതത്തെ, അതായതു തനിക്കുള്ളതെല്ലാം. അഥവാ തനിക്കുള്ള സ്വത്ത്, അധികാരം, ബന്ധുബലം, ആഗ്രഹങ്ങൾ, സുഖജീവിതം എന്നിവയെല്ലാം അതിൽപെടും. ജീവനെ ത്യജിച്ചാൽ പിന്നെ അനുഗമിക്കാനാവില്ലല്ലോ. 'നിത്യവും' എന്നല്ല 'അനുദിനം' എന്നാണ് വേണ്ടത്. 'നിത്യം' അനന്തതയെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത വാക്യത്തിൽ (24) 'സ്വന്തം ജീവൻ രക്ഷിക്കുവാൻ' എന്നതിനേക്കാൾ ശരിയായ തർജ്ജമ 'സ്വന്തം ജീവിതം സുരക്ഷിതമാക്കുവാൻ എന്നാണ്. അതുപോലെതന്നെ 'എന്നേപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ' എന്നതിന്റെ സ്ഥാനത്ത് ജീവിതം അപകടപ്പെടുത്തുന്നവൻ എന്നു പറയുന്നതാണ് ഭേദം.

വാക്യം 25-ൽ 'സ്വയം നഷ്ടപ്പെടുത്തിയിട്ട്/അപകടപ്പെടുത്തിയിട്ട് അവന് എന്തു പ്രയോജനം' എന്നാണ് വേണ്ടത്. ആത്മാവിന്റെ നഷ്ടമല്ല സ്വയം നഷ്ടപ്പെടുത്തുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നിത്യജീവന്റെ അഥവാ മനുഷ്യാളത്തിന്റെ നഷ്ടമാണ് സൂചകം. ●

സമഗ്രോദയ സോഷ്യൽ സർവ്വീസ് സൊസൈറ്റി

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിനു കീഴിലുള്ള സമഗ്രോദയ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇടവക തലത്തിൽ ഗ്രൂപ്പുകളെയും വ്യക്തികളെയും സംഘടിപ്പിച്ചുകൊണ്ട് നൂതന രീതിയിലുള്ള കൃഷി ആരംഭിച്ചിരിക്കുന്നു. ആയതിന്റെ ആദ്യപടിയായി പാലക്കുഴ സെന്റ് ജോൺസ് ഇടവകയിൽ സെന്റ് ജോൺസ് എന്ന ഗ്രൂപ്പ് വിത്തും ഗ്രോബാഗും പച്ചക്കറി തൈകളും വളവും വിതരണം ചെയ്തു. ആയതിന്റെ ഉദ്ഘാടനം സൊസൈറ്റി സെക്രട്ടറി ഫാ. ഏലിയാസ് ചെറുകാട്ട് 2017 ഫെബ്രുവരി 1 ന് നിർവ്വഹിച്ചു. പച്ചക്കറി കൃഷി ചെയ്യുന്നതിന് താല്പര്യമുള്ളവർ ജോ. സെക്രട്ടറി അഡ്വ. ജമറിൻ ടി. ഈപ്പനെ നേരിട്ടോ 9744412277 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണനത്തിനുള്ള എല്ലാ സഹായങ്ങളും സൊസൈറ്റി ചെയ്തുകൊടുക്കുന്നതാണ്.

മൂന്നുനോമ്പ് ആചരിച്ചു

പാമ്പാക്കുട: പതിവുപോലെ ഈ വർഷവും നിനുവേ നോമ്പ് ദിനങ്ങളായിരുന്ന ഫെബ്രുവരി 6, 7, 8 (തിങ്കൾ, ചൊവ്വ, ബുധൻ) ദിവസങ്ങളിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ മൂന്നുനോമ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭദ്രാസനത്തിലെ വൈദീകരും വിവിധ ആത്മീയ സംഘടനാപ്രവർത്തകരും സഹകരിച്ചായിരുന്നു ശുശ്രൂഷ. ധ്യാനപ്രസംഗങ്ങൾ, പ്രാർത്ഥനകൾ, ആത്മീയ ഗീതങ്ങൾ, വേദവായന, നിശബ്ദധ്യാനം എന്നിവ കോർത്തിണക്കി മുൻകൂട്ടി ക്രമപ്പെടുത്തിയിട്ടുള്ള ആരാധനാക്രമമാണ് മൂന്നുനോമ്പ് ദിനങ്ങളിൽ ഉപയോഗിച്ചുവരുന്നത്. അഭി. തിരുമേനി ഉപക്രമ-ഉപസംഹാര ധ്യാന പ്രസംഗങ്ങൾ നടത്തി. ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ, ഫാ. ഉലഹന്നാൻ ഏറാടികുന്നേൽ, ഫാ. എബ്രഹാം കാരാമ്മേൽ എന്നിവർ ധ്യാനങ്ങൾ നയിച്ചു. ഫാ. മേരീദാസ് സ്റ്റീഫൻ, ഫാ. ബിനോയി ജോൺ, ഫാ. ഷിബു കുര്യൻ, ഫാ. എബിൻ എബ്രഹാം എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. വൈദീകരും ആത്മീയ സംഘടന അംഗങ്ങളും ചേർന്ന് നടത്തിയ ഗാനാലപനം പ്രത്യേക ആത്മീയ അനുഭവമായിരുന്നു. ഓരോ വർഷവും ഈ നോമ്പാചരണക്കൂട്ടായ്മയിൽ തങ്ങളുടെ ആത്മീയ പിതാവിനോട് അണിചേരുവാൻ ബഹു. വൈദീകരും അവൈദീകരും അധികമധികം താല്പര്യം കാണിക്കുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

ശുദ്ധീകരണ ശുശ്രൂഷ നടന്നു

കൂത്താട്ടുകുളം: വടകരയിൽ പ്രവർത്തിക്കുന്ന സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിൽ എലിവേറ്റർ (ലിഫ്റ്റ്), രണ്ടാമത്തെ ജെറിയാട്രിക് വാർഡ് എന്നിവയുടെ കൂദാശ 2017 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച നടന്നു. ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സന്തുല ഡയറക്ടറും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്, സന്തുല ചാപ്ലെയിൻ ഫാ. പൗലോസ് സ്കറിയ എന്നിവർ സഹകാർമ്മികരായിരുന്നു. ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ, സെക്രട്ടറി എൻജി. എ.പി. സെൽവിൻ, ഗവേണിംഗ് ബോർഡ് അംഗം മാർത്ത എബ്രഹാം, സ്റ്റാഫ് അംഗങ്ങൾ, അന്തേവാസികൾ എന്നിവർ പങ്കെടുത്തു. പുതിയ വാർഡ് പുരുഷന്മാർക്കു വേണ്ടിയുള്ളതാണ്.



RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2016-2018

Date of Publication 15-2-2017
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment

DIOCESAN BULLETIN

കത്തീഡ്രൽ കൂദാശ

മൂവാറ്റുപുഴ: കണ്ടനാട് (E) ഭദ്രാസനത്തിന്റെ ആസ്ഥാനദേവാലയമായ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിന്റെ പുനർ നിർമ്മാണം പൂർത്തിയായി. 2017 ഫെബ്രുവരി 17-18 (വെള്ളി, ശനി) തീയതികളിൽ അതിന്റെ ശുദ്ധീകരണ കർമ്മവും പ്രതിഷ്ഠയും നടക്കും. കൂദാശയുടെ ആദ്യഭാഗം 17-ാം തീയതി വൈകുന്നേരം 7 ന് സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിക്കും. പിറ്റേദിവസം രാവിലെ 7.30 ന് ആരംഭിക്കുന്ന രണ്ടാംഭാഗം വിശുദ്ധ കുർബ്ബാനയോടുകൂടി സമാപിക്കുന്നു. ചടങ്ങുകൾക്ക് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസിനു പുറമേ തൃശൂർ ഭദ്രാസനത്തിന്റെ യൂഹാനോൻ മാർ മിലിത്തിയോസ്, അമേരിക്കൻ ഭദ്രാസനത്തിന്റെ സക്കറിയാസ് മാർ നിക്കൊളാവോസ്, കൊച്ചി ഭദ്രാസനത്തിന്റെ ഡോ. യാക്കൂബ് മാർ ഐറേനിയോസ്, അങ്കമാലി ഭദ്രാസനത്തിന്റെ യൂഹാനോൻ മാർ പോളികാർപ്പസ്, കൊൽക്കത്ത ഭദ്രാസനത്തിന്റെ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ നേതൃത്വം നൽകും. പരിപാടിയുടെ സുഗമവും വിജയകരവുമായ നടത്തിപ്പിനായി വികാരി ഫാ. എഡ്വേർഡ് ജോർജ്, ജനറൽ കൺവീനർ എൻജി. എ.പി. സെൽവിൻ, ഫൈനാൻസ് സൂപ്രണ്ട് ബാലു പാറക്കാട്ട്, സെക്രട്ടറി സജി ജോൺ നീറുന്താനത്ത് മുതലായവരുടെ നേതൃത്വത്തിൽ വിവിധ സമിതികൾ പ്രവർത്തിച്ചു വരുന്നു.

മുമ്പുണ്ടായിരുന്ന പള്ളിക്കെട്ടിടത്തിന്റെ ജീർണ്ണിപ്പും വലിപ്പക്കുറവും ഇടവകാംഗങ്ങളിലുണ്ടായ വൻ വർദ്ധനവുമാണ് പഴയ പള്ളിയുടെ പൊളിച്ചു പണി ആവശ്യമാക്കിയത്. ആദ്യമുണ്ടായിരുന്ന പള്ളി, കണ്ടനാട് ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്തായും മലങ്കരയുടെ പ്രഥമ കാതോലിക്കായുമായിരുന്ന മുറിമറ്റത്തിൽ തിരുമേനി സഭയ്ക്കായി വാങ്ങിയ സ്ഥലത്ത് പരിശുദ്ധ ഔഗേൻ ബാവ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന കാലത്ത് 1937-ൽ സ്ഥാപിച്ചതാണ്. അതിന്റെ ഔപചാരിക കൂദാശ 1941 ഡിസംബർ 21 ന് നടന്നു. വി. തോമാശ്ലീഹായുടെ രക്തസാക്ഷിദിനമായിരുന്ന അന്ന് ശുദ്ധീകരിക്കപ്പെട്ടു. പ്രസ്തുത ദേവാലയം ഇന്ത്യയുടെ അപ്പോസ്തലനായ ആ പുണ്യപിതാവിന്റെ നാമത്തിലാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ പള്ളിയോട് അനുബന്ധിച്ചുള്ള അരമനയുടെ ആദ്യനില ഔഗേൻ തിരുമേനിയും രണ്ടാംനില പൗലോസ് മാർ ഫീലക്സിനോസ് തിരുമേനിയുമാണ് പണികഴിപ്പിച്ചത്. ഈ പിതാക്കന്മാരുടെ ഭരണകേന്ദ്രമായിരുന്ന മൂവാറ്റുപുഴ അരമന 1990 മുതൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഭദ്രാസന ആസ്ഥാനമാണ്.

2010 ഫെബ്രുവരി 20 നാണ് പുതിയ പള്ളിയുടെ അടിസ്ഥാന ശില കൂദാശ ചെയ്യപ്പെട്ടത്. അർമേനിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരി. അരാം പ്രഥമൻ കാതോലിക്കാബാവയാണ് ആ കർമ്മം നിർവ്വഹിച്ചത്.

മൂവാറ്റുപുഴ പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ദേവാലയം സഭാചരിത്രത്തിലെ നിർണ്ണായകമായ പല ചരിത്ര സംഭവങ്ങൾക്കും വേദിയായിട്ടുണ്ട്. ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ഈ കത്തീഡ്രൽ നാനാജാതി മതസ്ഥരായ ഈശ്വരവിശ്വാസികൾക്ക് അഭയസ്ഥാനവുമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha